2023
OCTOBER
27
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഖാദി ലവേഴ്സ് നെറ്റ്‌വർക് പദ്ധതിയുമായി ഖാദി ബോർഡ്



**തിരുവനന്തപുരം:** പുതിയ തലമുറയെ ഖാദിയിലേക്ക് ആകർഷിക്കാനും ഖാദി പ്രേമികൾക്ക് ഇഷ്ടാനുസരണം വസ്ത്രങ്ങൾ ലഭിക്കാനും ഖാദി ലവേഴ്സ് നെറ്റ്‌വർക് പദ്ധതിയുമായി ഖാദി ബോർഡ്. ആർക്കും ഖാദി തുണിത്തരങ്ങൾ വാങ്ങി സ്വന്തമായി വസ്ത്രം രൂപകൽപന ചെയ്തു വിൽപന നടത്താം. ഖാദിബോർഡിൽനിന്നു തുണിത്തരങ്ങൾ വാങ്ങുമ്പോൾ ഇവർക്കു 13% വിലക്കിഴിവ് ലഭിക്കും. സ്വന്തമായി രൂപകൽപന ചെയ്യുന്ന വസ്ത്രം ഇഷ്ടമുള്ള വിലയ്ക്കു വിൽക്കാം. ബോർഡിൽ റജിസ്റ്റർ ചെയ്തവരെ മാത്രമാണു നെറ്റ്!വർക്കിന്റെ ഭാഗമാക്കുക. ഖാദി ഗ്രാമ വ്യവസായ ഉൽപന്നങ്ങളും ഇതേ രീതിയിൽ വിൽപന നടത്താം.

വിദ്യാർഥികൾ, അഭ്യസ്തവിദ്യരായ വീട്ടമ്മമാർ എന്നിവരെ ഉൾപ്പെടുത്തിയാണ് നെറ്റ്‌വർക് വിഭാവനം ചെയ്യുന്നത്. ഇവർക്കു വരുമാനം ലഭിക്കുന്നതിനൊപ്പം ഖാദി പ്രചാരണവും നടക്കും. ഖാദി വസ്ത്രങ്ങൾക്കു പുതിയ തലമുറയെ ആകർഷിക്കാൻ കഴിയാത്തതു രൂപകൽപനയുടെ പ്രശ്നം കാരണമാണെന്നു തിരിച്ചറിഞ്ഞാണ്, ഖാദി വസ്ത്രങ്ങൾ എല്ലാവർക്കും രൂപകൽപന ചെയ്യാനുള്ള അവസരമൊരുക്കുന്നത്. വിശദാംശങ്ങൾക്ക് 9447946691 എന്ന നമ്പറിൽ ബന്ധപ്പെടാം.

## 3,325 കോടിയുടെ വായ്പ അനുവദിച്ച് എഡിബി




**ന്യൂഡൽഹി:** രാജ്യത്തെ നഗരങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനായി ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് (എഡിബി) 40 കോടി ഡോളറിന്റെ (ഏകദേശം 3,325 കോടി രൂപ) വായ്പ അനുവദിച്ചു. സുസ്ഥിരമായ നഗരവികസനമാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടം 2021ൽ അംഗീകരിച്ചിരുന്നു. നഗരങ്ങളിലെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് വായ്പ നൽകുക.

## ഏകീകൃത ഗൾഫ് വീസ രണ്ടു വർഷത്തിനകം

**അബുദാബി/മസ്കത്ത് :** ഒറ്റ വീസയിൽ 6 ജിസിസി രാജ്യങ്ങളും സന്ദർശിക്കാവുന്ന ഏകീകൃത ഗൾഫ് ടൂറിസ്റ്റ് വീസ 2 വർഷത്തിനകം യാഥാർഥ്യമാകും. വിനോദസഞ്ചാര രംഗത്ത് വൻ നേട്ടമുണ്ടാക്കുന്ന പദ്ധതി 2 വർഷത്തിനകം യാഥാർഥ്യമാകുമന്ന് ഒമാനിൽ നടന്ന ജിസിസി ഉച്ചകോടിയിൽ യുഎഇ സാമ്പത്തിക മന്ത്രി അബ്ദുല്ല ബിൻ തൗഖ് അറിയിച്ചു. 2030 ആകുമ്പോൾ 12.87 കോടി ടൂറിസ്റ്റുകളെ ഗൾഫിൽ എത്തിക്കുകയാണ് ലക്ഷ്യം. വീസാ കാലാവധിക്കകം ഓരോ രാജ്യത്തും നിശ്ചിത ദിവസം താമസിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ച് അയൽ രാജ്യത്തേക്കു പോകാം. ഇതിനായി പ്രത്യേക നടപടിക്രമങ്ങൾ വേണ്ട എന്നതും സഞ്ചാരികൾക്ക് ഗുണകരമാകും.



# ഗാസയിൽ മരണം 7000 കവിഞ്ഞു

## സൈനികരല്ലാത്ത ബന്ദികളെ കൈമാറാൻ ഹമാസ് ഭീകരർ തയാറെന്ന് ഇറാൻ



**ഗാസ / ജറുസലം:** കടുത്ത വ്യോമാക്രമണം തുടരുന്നതിനിടെ, ബുധനാഴ്ച രാത്രി വടക്കൻ ഗാസയിൽ ഇസ്രയേലിന്റെ കരയാക്രമണവും. ടാങ്കുകളുമായി ഹമാസ് ഭീകരകേന്ദ്രങ്ങളിൽ ആക്രമണം നടത്തിയശേഷം ഇന്നലെ പുലർച്ചെയോടെ പിൻവാങ്ങിയെന്ന് ഇസ്രയേൽ സേന അറിയിച്ചു. രണ്ടാഴ്ച മുൻപും ഗാസയിൽ പരിമിത കരയാക്രമണം നടത്തിയിരുന്നു.

തുടർച്ചയായ 20ാം ദിവസവും ഇസ്രയേൽ വ്യോമാക്രമണം തുടർന്നു. തെക്കൻ ഗാസയിലെ ഖാൻ യൂനിസിൽ വ്യോമാക്രമണത്തിൽ 30 പലസ്തീൻകാർ കൊല്ലപ്പെട്ടു. ഗാസയിൽ ഇതുവരെ 7,028 പേർ കൊല്ലപ്പെട്ടു. ആറാഴ്ച നീണ്ട 2014ലെ ഗാസ ഇസ്രയേൽ യുദ്ധത്തിൽ കൊല്ലപ്പെട്ടതിന്റെ മൂന്നിരട്ടിയാണിത്. 18,482 പേർക്കു പരുക്കേറ്റു.

വെസ്റ്റ്ബാങ്കിൽ ഇസ്രയേൽ സേന വ്യാപകമായ റെയ്ഡ് തുടരുകയാണ്. ഇന്നലെ മാത്രം 60 ഭീകരർ അറസ്റ്റിലായി. വൈദ്യുതിയും ഭക്ഷണവുമില്ലാതെ വലയുന്ന ഗാസ, തുള്ളി ഇന്ധനമില്ലാത്ത സ്ഥിതിയിലേക്കു നീങ്ങുകയാണെന്ന് യുഎൻ മുന്നറിയിപ്പു നൽകി. ആശുപത്രികളിലെ അടിയന്തര ശസ്ത്രക്രിയകൾ പ്രതിസന്ധിയിലാണ്. ജീവകാരുണ്യ സഹായങ്ങളുമായി 12 ട്രക്കുകൾ കൂടി ഗാസയിലെത്തി. സൈനികരല്ലാത്ത ബന്ദികളെ കൈമാറാൻ ഹമാസ് ഭീകരർ തയാറെന്ന് ഇറാൻ അറിയിച്ചു. എന്നാൽ ഇസ്രയേൽ തടവിലുള്ള 6,000 ഭീകരരേയും മോചിപ്പിക്കണം. യുഎൻ രക്ഷാസമിതിയിൽ അവതരിപ്പിച്ച വെടിനിർത്തൽ പ്രമേയം യുഎസ് എതിർത്തതോടെ വീണ്ടും പരാജയപ്പെട്ടു. ഹമാസിന്റെ ബന്ദികളായി വിദേശികൾ അടക്കം 222 പേരുണ്ടെന്ന് ഇസ്രയേൽ അറിയിച്ചു. 4 പേർ മോചിതരായി. ഇസ്രയേൽ ആക്രമണങ്ങളിൽ 50 ബന്ദികളും കൊല്ലപ്പെട്ടെന്ന് ഹമാസ് വക്താവ് അറിയിച്ചു. ഗാസയിൽ കൊല്ലപ്പെട്ട 7028 പലസ്തീൻകാരുടെ പേരുകളും തിരിച്ചറിയൽ നമ്പരുകളും ഗാസ ആരോഗ്യ മന്ത്രാലയം പുറത്തുവിട്ടു. ഗാസയിലെ മരണക്കണക്കിൽ യുഎസ് പ്രസിഡന്റ് ജോ ബൈ!ഡൻ സംശയം പ്രകടിപ്പിച്ചതിനു പിന്നാലെയാണിത്.



# ഐ.എസ്.എൽ: വാർ ടെക്നോളജി ഏർപ്പെടുത്തേണ്ടത് അനിവാര്യം: ഇവാൻ വുകുമനോവിച്ച്



**കൊച്ചി:** ഐസ്.എസ്.എൽ റഫറിയിംഗ് കൂടുതൽ മെച്ചപ്പെടാൻ വാർ ടെക്നോളജി പോലുള്ള സാങ്കേതിക വിദ്യ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി മുഖ്യ പരിശീലകൻ ഇവാൻ വുകുമനോവിച്ച്.

ഒഡീഷ എഫ്സിക്കെതിരെ നാളത്തെമൽസരത്തിന് മുന്നോടിയായി നടത്തിയ വാർത്താ സമ്മേളനത്തിൽ മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു അദ്ദേഹം. ഐഎസ്എൽ മൽസരം നിയന്ത്രിക്കുന്ന റഫറിമാർ കേരളാ ബ്ലാസ്റ്റേഴ്സിനെതിരായാണ് നിലകൊള്ളുന്നതെന്ന് താൻ വിശ്വസിക്കുന്നില്ലെന്നായിരുന്നു ഇത് സംബന്ധിച്ച ചോദ്യത്തിന് വുകുമനോവിച്ചിന്റെ മറുപടി. മാനുഷികമായ പിഴവുകൾ സംഭവിക്കുന്നത് സ്വാഭാവികമാണ്. ബ്ലാസ്റ്റേഴ്സിന്റെ അല്ലാത്ത മൽസരങ്ങളിലും പിഴവുകൾ സംഭവിക്കാറുണ്ട്. തെറ്റായ തീരുമാനങ്ങൾ ടീമിന്റെ പോയിന്റ് നിലയിലും റാങ്കിംഗിലുമെല്ലാം പ്രതിഫലിക്കും.

ടെക്നോളജിയുടെ സഹായമുണ്ടായാൽ ഇത്തരം പിഴവുകൾ സംഭവിക്കുന്നത് പരിഹരിക്കാൻ കഴിയും. അത് ലീഗിനും ടീമുകൾക്കും ഏറെ പ്രയോജനകരമാകുമെന്നും വുകുമനോവിച്ച് പറഞ്ഞു. റഫറിമാരെ കുറ്റം പറയുന്നതിൽ കാര്യമില്ല. കൂട്ടിൽകിടക്കുന്ന സിംഹത്തെ നേരിടാൻ നെയിൽ കട്ടറും ടൂത്ത്പിക്കുമായി അയക്കുന്നതുപോലെയാണ് റഫറിമാരെ മൽസരത്തിലേക്ക് അയക്കുന്നത്. ടെക്നോളജിയുടെ കൂടി സഹായം ഉണ്ടായാൽ മാത്രമെ വിഷമം പിടിച്ച സാഹചര്യങ്ങളിൽ ശരിയായ തീരുമാനം എടുക്കാൻ റഫറിമാർക്ക് സാധിക്കുവെന്നും വുകുമനോവിച്ച് പറഞ്ഞു. വാർ ടെക്നോളജികൾ ലീഗിൽ ഏർപ്പെടുത്തണമെന്നാണ് തന്റെ അഭിപ്രായം.മറ്റു രാജ്യങ്ങളിൽ ആറോ ഏഴോ വർഷമായി വാർടെക്നോളജി ഉണ്ട്. ഇവിടെയും ഇത്തരം സാങ്കേതിക വിദ്യ ഉപയോഗിക്കേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമെ ഫുട്ബോളിന്റെയും ലീഗിന്റെയും വളർച്ച കൂടുതൽ സാധ്യമാകുകയുള്ളുവെന്നും അദ്ദേഹം പറഞ്ഞു. ലീഗിൽ വാർ ടെക്നോളജി ഇല്ലെന്നറിയുമ്പോൾ വിദേശ കളിക്കാർ ഇവിടേക്ക് വരാൻ മടിയ്ക്കുന്നുണ്ടെന്നും ഇവാൻ വുകുമനോവിച്ച് പറഞ്ഞു. ഫുട്ബോൾ ലീഗ് മെച്ചപ്പെടാൻ വാർ ടെക്നോളജി പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു.

എല്ലാ കളിയും ജയിക്കുകയെന്നതാണ് തങ്ങളുടെ ലക്ഷ്യം. ഒഡീഷ എഫ്സിക്കെതിരായ മൽസരത്തെയും അതേ രീതിയിൽ തന്നെയാണ് കാണുന്നതെന്നും ചോദ്യത്തിന് മറുപടിയായി വുകുമനോവിച്ച് പറഞ്ഞു. കഴിഞ്ഞ സീസണിൽ പ്ലേ ഓഫ് മൽസരത്തിൽ ബംഗളൂരു എഫ്സിയുടെ വിവാദ ഗോളിൽ പ്രതിഷേധിച്ച് ടീമിനെ തിരികെ വിളിച്ചതിനെ തുടർന്ന് ഫുട്ബോൾ ഫെഡറേഷൻ ഏർപ്പെടുത്തിയ വിലക്കിന്റെ കാലാവധി കഴിഞ്ഞതിനെ തുടർന്നാണ് വുകുമനോവിച്ച് വീണ്ടും ബ്ലാസ്റ്റേഴ്സിന്റെ മുഖ്യപരിശീലകനായി മൈതാനത്ത് എത്തുന്നത്. ഇത് സംബന്ധിച്ച ചോദ്യത്തിന് അതൊക്കെ കഴിഞ്ഞു പോയകാര്യങ്ങളാണെന്നായിരുന്നു വുകുമനോവിച്ചിന്റെ മറുപടി. കഴിഞ്ഞതിനെക്കുറിച്ച് താൻ ചിന്തിച്ച് സമയം കളയാനില്ലെന്നും വുകുമനോവിച്ച് പറഞ്ഞു. ഇനി പുതിയ സീസണാണ് തന്റെ മുന്നിലുള്ളതെന്നും വുകുമനോവിച്ച് പറഞ്ഞു. ബ്ലാസ്റ്റേഴ്സ് പ്രതിരോധനിര താരം ലെസ്കോവിച്ചിന്റെ പരിക്ക് ഭേദപ്പെടാൻ ഒരാഴ്ച കൂടി സമയം വേണമെന്നും ജീക്സൺ സിംങ്ങും പരിക്കിന്റെ പിടിയിലാണെന്നും വുകുമനോവിച്ച് പറഞ്ഞു.

# നവകേരള സദസ്: എല്ലാ ജനവിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കണം: മന്ത്രി പി. രാജീവ്

**കൊച്ചി:** മുഖ്യമന്ത്രിയും മന്ത്രിമാരും മണ്ഡലങ്ങളിൽ നേരിട്ടെത്തി സംവദിക്കുന്ന നവകേരള സദസിൽ ജില്ലയിലെ 14 മണ്ഡലങ്ങളിലും എല്ലാ ജനവിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കണമെന്ന് വ്യവസായ വകുപ്പ് മന്ത്രി.പി രാജീവ്. നവകേരള സദസിന്റെ ജില്ലയിലെ മുന്നൊരുക്കം വിലയിരുത്തുന്നതിനായി മണ്ഡലതല സംഘാടക സമിതി ചെയർമാൻമാർ, കൺവീനർമാർ എന്നിവരെ പങ്കെടുപ്പിച്ച് കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനകീയ പങ്കാളിത്തത്തോടെ പരിപാടി വിജയകരമാക്കുന്നതിന് പ്രാദേശിക തലത്തിൽ പ്രചാരണം ശക്തിപ്പെടുത്തണം. ജനങ്ങൾക്കിടയിൽ ഇറങ്ങിച്ചെന്നു ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കാനും അതോടൊപ്പം സർക്കാർ ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് നവകേരള സദസ് സംഘടിപ്പിക്കുന്നത്. ഓരോ മണ്ഡലങ്ങളിലെയും പ്രധാന വിഷയങ്ങൾ പരിപാടിയിൽ ചർച്ച ചെയ്യും. കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, സാമുദായിക സംഘടനകൾ, വായനശാലകൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, യുവജന സംഘടനകൾ തുടങ്ങിയ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് മന്ത്രി നിർദേശിച്ചു.

പ്രാദേശിക തലത്തിൽ പ്രചാരണം ശക്തിപ്പെടുത്തുന്നതിന് എല്ലാ വീടുകളിലും സന്ദർശനം നടത്തി സദസിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ കത്ത് നൽകും. വീട്ടുമുറ്റ സദസുകൾ സംഘടിപ്പിക്കും. സ്കൂളുകളിലും കോളേജുകളിലും അധ്യാപകരക്ഷകർതൃ സംഘടനകളുടെയും നേതൃത്വത്തിൽ പ്രചാരണ പ്രവർത്തനം ആസൂത്രണം ചെയ്യണം. പരിപാടിയിലേക്ക് ജനങ്ങളെ എത്തിക്കുന്നതിന് വാഹനങ്ങൾ സൗകര്യങ്ങൾ ഉറപ്പാക്കും. ഇതിനായി നടപടികൾ സ്വീകരിക്കും. കുടുംബശ്രീ സിഡിഎസ് പ്രവർത്തകർ, ഹരിത കർമ്മ സേന, സഹകരണ സംഘങ്ങൾ എന്നിവരുടെ യോഗം ചേരണം.

ജനപ്രതിനിധികൾ, യൂണിവേഴ്സിറ്റി യൂണിയൻ അംഗങ്ങൾ, കലാകായിക മികവ് തെളിയിച്ച പ്രതിഭകൾ, പഠനത്തിൽ പ്രഗൽഭരായ വിദ്യാർത്ഥികൾ എന്നിവരെയും സദസിൽ പങ്കാളികളാക്കണം. സോഷ്യൽ മീഡിയ വഴിയുള്ള പ്രചാരണം ശക്തിപ്പെടുത്തുന്നതിനായി വീഡിയോകളും പോസ്റ്ററുകളും പരമാവധി ഗ്രൂപ്പുകളിലും പേജുകളിലും ഷെയർ ചെയ്ത് ജനങ്ങളിലേക്ക് എത്തിക്കണം. ഗ്രീൻ പ്രോട്ടോകോൾ പൂർണമായും പാലിച്ചുകൊണ്ടാണ് പരിപാടി നടത്തുക. പരമാവധി ആളുകളെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന രീതിയിൽ മികച്ച സജ്ജീകരണങ്ങളോടെ ഓരോ മണ്ഡലത്തിലും നവ കേരള സദസിനായി വേദിയൊരുങ്ങണമെന്നും മന്ത്രി പറഞ്ഞു. ഡിസംബർ 7 മുതൽ 10 വരെയാണ് ജില്ലയിൽ നവകേരള സദസ് നടത്തുന്നത്. 4 ദിവസങ്ങളിലായി ജില്ലയിലെ 14 മണ്ഡലങ്ങളിലും മുഖ്യമന്ത്രിയും മന്ത്രിമാരും നേരിട്ടെത്തി ജനങ്ങളുമായി സംവദിക്കും. പരിപാടിയുടെ മുന്നോടിയായി എല്ലാ മണ്ഡലങ്ങളിലും സംഘാടകസമിതി രൂപീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടകസമിതി രൂപീകരണം പുരോഗമിക്കുകയാണ്.

യോഗത്തിൽ എം.എൽ.എമാരായ ആന്റണി ജോൺ, കെ. എൻ ഉണ്ണികൃഷ്ണൻ, പി.വി ശ്രീനിജിൻ, മേയർ അഡ്വ. എം. അനിൽ കുമാർ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, നവ കേരള സദസ് മണ്ഡലതല സംഘാടകസമിതി ചെയർമാൻമാരായ ജോസ് തെറ്റയിൽ, സാജു പോൾ, സി.എം.ദിദേശ് മണി, വി.സലിം, എം.ജെ ജേക്കബ്, എൽദോ എബ്രഹാം, ജോൺ ഫെർണാണ്ടസ്, കൺവീനർമാർ, നോഡൽ ഓഫീസർമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഓപ്പൺ ജിം തുറന്നു

**നായരമ്പലം:** ഗ്രാമ പഞ്ചായത്തിൽ ഓപ്പൺ ജിം തുറന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് ജിം ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരമാണ് ജിം നിർമിച്ചത്.

പഞ്ചായത്ത് അങ്കണത്തിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് നീതു ബിനോദ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാർ ഡോണോ മാഷ്, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോബി വർഗീസ്, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ വിജില രാധാകൃഷ്ണൻ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എൻ.കെ ബിന്ദു, അംഗങ്ങളായ താര കൃഷ്ണ, ബീന ജഗദീശൻ, എൻ.ആർ ഗിരീശൻ, ജയ്നി സേവ്യർ, എ.ഡി മണി, സി.സി സിജി, എം.പി ശ്യാം കുമാർ എന്നിവർ സംസാരിച്ചു.

# വാർഷികാഘോഷം ശനിയാഴ്ച

**കൊച്ചി:** ഹിൽപാലസ് പുരാവസ്തു മ്യൂസിയത്തിന്റെ 39ാമത് വാർഷികാഘോഷം ശനിയാഴ്ച (ഒക്ടോബർ 28ന്) നടക്കും. രാവിലെ 10 മുതൽ ആരംഭിക്കുന്ന പരിപാടി അനൂപ് ജേക്കബ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. സംസ്ഥാന പുരാവസ്തു വകുപ്പിന്റെയും പൈതൃക പഠന കേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്.

# അംബേദ്കർ ഗ്രാമ വികസന പദ്ധതി: കോളനികളുടെ നവീകരണത്തിന് തുടക്കമായി

**കൊച്ചി:** പട്ടികജാതി കോളനികളിലെ സമഗ്ര വികസനം ലക്ഷ്യമിട്ട് അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എടത്തല പഞ്ചായത്തിലെ രണ്ട് കോളനികളിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 15ാം വാർഡിലെ എരുമത്തലമൂല, ആറാം വാർഡിലെ പ്രിയദർശിനി എന്നീ പട്ടികജാതി കോളനികളാണ് പദ്ധതിയുടെ ഭാഗമായി നവീകരിക്കുന്നത്.

പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ എരുമത്തല മൂല കോളനിയിൽ ഒരു കോടി രൂപയുടെയും പ്രിയദർശിനി കോളനിയിൽ 50 ലക്ഷം രൂപയുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടപ്പാക്കുക. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതി കുടുംബങ്ങളാണ് ഇരു കോളനികളിലും താമസിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി കോളനിയിലെ വീടുകൾ അറ്റകുറ്റപ്പണി നടത്തി നവീകരിക്കും. റോഡുകളുടെ നവീകരണം, ശുചിമുറി നിർമ്മാണം , കോളനിയിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ, വഴിവിളക്ക് സ്ഥാപിക്കൽ, കനാൽ ഭിത്തി നിർമ്മാണം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നടപ്പാക്കും.

മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നത്.

ഓരോ നിയോജകമണ്ഡലത്തിലും എം എൽ എ മാരാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കേണ്ട കോളനികളെ തെരഞ്ഞെടുക്കുന്നത്. ഒരുവർഷം രണ്ട് കോളനികളെ വീതം പദ്ധതിക്കായി തെരഞ്ഞെടുക്കാം

# ജില്ലാ വിജിലൻസ് കമ്മിറ്റി യോഗം ചേർന്നു

**കൊച്ചി:** ജില്ലാ വിജിലൻസ് കമ്മിറ്റിയ്ക്ക് മുമ്പാകെ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ നിർദേശം. വിജിലൻസ് എറണാകുളം യൂണിറ്റ് ഡി.വൈ.എസ്.പി എൻ.ബാബുകുട്ടന്റെയും ഹുസൂർ ശിരസ്തദാർ അനിൽകുമാർ മേനോന്റെയും നേതൃത്വത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ വിജിലൻസ് കമ്മിറ്റിയുടെ പതിമൂന്നാമത് യോഗത്തിലാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയത്.

യോഗത്തിൽ നാല് പരാതികൾ പരിഗണിക്കുകയും തുടർ നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയും ചെയ്തു. ബസ് പെർമിറ്റ്, നിലംപുരയിടമാക്കൽ, ഫാം ലൈസൻസ് പുതുക്കൽ തുടങ്ങിയ വിഷയങ്ങളിലാണ് പരാതി ലഭിച്ചത്.

അഴിമതിക്കെതിരെയുള്ള വിജിലൻസ് സംവിധാനത്തെക്കുറിച്ചും ജില്ലാ വിജിലൻസ് കമ്മിറ്റിയെ കുറിച്ചും പൊതുജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കേണ്ടതുണ്ട് എന്ന് യോഗം വിലയിരുത്തി. സർക്കാർ ഓഫീസുകളിൽ ഇതുസംബന്ധിച്ച നോട്ടീസുകൾ കൃത്യമായി പ്രദർശിപ്പിണക്കമെന്നും യോഗം നിർദേശിച്ചു. മൂന്ന് മാസത്തിലൊരിക്കലാണ് ജില്ലാ വിജിലൻസ് കമ്മിറ്റി യോഗം ചേരുന്നത്. യോഗത്തിൽ പുതിയ പരാതികൾ പരിഗണിക്കുകയും മുൻപ് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ വിലയിരുത്തുകയും ചെയ്യും.

## റേഡിയോളജിസ്റ്റ് നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ റേഡിയോളജിസ്റ്റ് തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. എം.ഡി/ഡി.എൻ.ബി (റേഡിയോഡയഗ്നോസിസ്), ഡി.എം.ആർ.ഡിയും  ടി.എം.സി രജിസ്ട്രേഷൻ യോഗ്യതയുള്ള 25നും 60നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.

താല്പര്യമുള്ളവർ യോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം നവംബർ മൂന്നിന് മെഡിക്കൽ കോളേജ് സൂപ്രണ്ട് ഓഫീസിന് സമീപമുള്ള കൺട്രോൾ റൂമിൽ രാവിലെ 11ന് നടക്കുന്ന എഴുത്തു പരീക്ഷയിലും അഭിമുഖത്തിലും പങ്കെടുക്കേണ്ടതാണ്. രാവിലെ 10.30 മുതൽ 11 വരെയാണ് രജിസ്ട്രേഷൻ. ഫോൺ : 0484 2754000

## ഇ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** 2023 ഡിസംബർ 21 മുതൽ 2014 ജനുവരി 1 വരെ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടക്കുന്ന കുടുംബശ്രീ സരസ്സ്  നാഷണൽ ട്രേഡ് മേളയ്ക്ക് സ്റ്റാളുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന്  ഏജൻസികളിൽ നിന്ന് ഇ  ടെൻഡർ ക്ഷണിച്ചു.വെബ്സൈറ്റ് : http://etenders.kerala.gov.in.ടെൻഡർ റഫറൻസ് നമ്പർ : 01/S23/KEKM/2023 വെബ്സൈറ്റിലേക്കുള്ള ഇടെൻഡർ ഐഡി :2023_SPEM_ 616022_1

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** വനിത ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന നോർത്ത് പറവൂർ ശിശു വികസന പദ്ധതി ഓഫീസറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2023 ഡിസംബർ  മുതൽ ഒരു വർഷ കാലയളവിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിനായി മുദ്രവച്ച കവറിൽ മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു. വാഹനത്തിന് ( കാർ, ജീപ്പ്) ഏഴ് വർഷത്തിലധികം കാലപ്പഴക്കം ഉണ്ടാവരുത്. നിയമപ്രകാരം ടാക്സി പെർമിറ്റ് അടക്കമുള്ള എല്ലാ രേഖകളും ഉണ്ടായിരിക്കണം.

നവംബർ 11ന് ഉച്ചക്ക് 12 വരെ ദർഘാസ് ഫോം വിതരണം ചെയ്യുന്നതാണ്. അന്നേ ദിവസം ഉച്ചക്ക് ഒന്ന് വരെ ദർഘാസ് സ്വീകരിക്കും. ഉച്ചകഴിഞ്ഞ് മൂന്നിന് ദർഘാസ് തുറക്കും.  കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തന ദിവസങ്ങളിൽ നോർത്ത് പറവൂർ ശിശു വികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484 2448803

## ഞാറക്കൽ പൊതു ശ്മശാനം ഉദ്ഘാടനം ചെയ്തു

**കൊച്ചി:**  ഞാറക്കൽ ജനതയുടെ ചിരകാല സ്വപ്നമായ ഞാറക്കൽ പൊതു ശ്മശാനം കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് ഫർണസ് സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു.

ആധുനിക ഗ്യാസ് ശ്മശാനത്തിനായി 1,01,90,000  രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും പത്തു ലക്ഷം രൂപ പഞ്ചായത്ത് വിഹിതവും വകയിരുത്തിയാണ് പദ്ധതി നടപ്പാക്കിയത്. നിലവിൽ ഒരു കോടി രൂപയാണ് ശ്മശാന നിർമാണത്തിന് ചിലവഴിച്ചിട്ടുള്ളത്. ബാക്കി തുക ശ്മശാനം മോടി പിടിപ്പിച്ചു പൂന്തോട്ടം നിർമ്മിക്കുന്നതിനുവേണ്ടി ഉപയോഗിക്കും.

പ്രസിഡന്റ് മിനി രാജു അധ്യക്ഷത വഹിച്ച ചടങ്ങിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.പി ഗാന്ധി, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഡോണോ മാസ്റ്റർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബാലാമണി ഗിരീഷ്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ചെറിയാൻ വാളൂരാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ രാജി ജിഘോഷ്കുമാർ, വാർഡ് മെമ്പർമാരായ സജീഷ് മങ്ങാടൻ, എ.പി ലാലു, ടി.ടി ഫ്രാൻസിസ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സുജ വിനോദ്, ഷിൽഡ റിബേരോ എന്നിവർ സംസാരിച്ചു.

## ലാബ് ടെക്നീഷ്യൻ നിയമനം

**കൊച്ചി:** ആലുവ താലൂക്കിലെ സർക്കാർ സ്ഥാപനത്തിൽ ദിവസ വേതന അടിസ്ഥാനത്തിൽ  ലാബ് ടെക്നീഷ്യൻ ഒഴിവിലേക്ക് നിയമനം നടത്തുന്നു. മെഡിക്കൽ ലാബ് ടെക്നീഷ്യൻ ഡിപ്ലോമ / തുല്യമായ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ യോഗ്യതയുള്ള 18നും 41നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ള ആലുവ താലൂക്ക് പരിധിയിലുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി നവംബർ രണ്ടിന് ആലുവ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാകണം. ഫോൺ : 0484 2422458

# സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി 4 മുതൽ 8 വരെ കൊല്ലത്ത്

**കൊല്ലം:** ജനുവരി 4 മുതൽ 8 വരെ കൊല്ലത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 24 വേദികൾ. ആശ്രാമം മൈതാനം ആണ് മുഖ്യ വേദി. ആശ്രാമം ശ്രീകൃഷ്ണ ക്ഷേത്രം, ക്രിസ്തുരാജ് സ്കൂൾ, പട്ടത്താനം വിമലഹൃദയ സ്കൂൾ, ബാലഭവൻ, ബാലികാമറിയം സ്കൂൾ, ചിന്നക്കട ക്രേവൻ എൽഎംഎസ് സ്കൂൾ. സിഎസ്ഐ കൺവൻഷൻ ഹാൾ, കടപ്പാക്കട സ്പോർട്സ് ക്ലബ്, സോപാനം ഓഡിറ്റോറിയം, തേവള്ളി ഗവ. മോഡൽ ബോയ്സ്, ഗവ. ഗേൾസ് സ്കൂൾ, സെന്റ് അലോഷ്യസ് സ്കൂൾ. കൊല്ലം വെസ്റ്റ് സ്കൂൾ, എന്നിവിടങ്ങളിൽ ആണ് വേദികൾ പരിഗണിക്കുന്നത്. ശ്രീനാരായണ ഗുരു സമുച്ചയം, ആശ്രാമം എവൈകെ ഓഡിറ്റോറിയം എന്നിവയും പരിഗണനയിലുണ്ട്.



കലോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കലോത്സവ നടത്തിപ്പിന് സംഘാടക സമിതിയും 20 ഉപസമിതികളും രൂപീകരിച്ചു. കഴിഞ്ഞ വർഷം വരെ ഉണ്ടായിരുന്ന എക്സിബിഷൻ കമ്മിറ്റി ഇത്തവണ ഒഴിവാക്കി. ഉപസമിതികളുടെ കൺവീനർമാർ അധ്യാപക സംഘടനാ നേതാക്കളാണ്. ജനപ്രതിനിധികൾക്കും പൊതുപ്രവർത്തകർക്കുമാണ് ഉപ സമിതികളുടെ ചെയർമാൻ സ്ഥാനം.

വൊക്കേഷനൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ 4 സംഘടനകൾക്ക് പ്രാതിനിധ്യം ലഭിച്ചില്ല എന്ന പരാതിയെ തുടർന്നു 4 കമ്മിറ്റികളുടെ ജോയിന്റ് കൺവീനർ സ്ഥാനം അവർക്ക് നൽകി. പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷനൽ ഡയറക്ടർ സി.എ.സന്തോഷിന്റെ അധ്യക്ഷതയിൽ നടന്ന അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗത്തിലാണ് ഇതു സംബന്ധിച്ചു തീരുമാനം ഉണ്ടായത്. കൊല്ലത്ത് സ്ഥിരമായി വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറെ നിയമിക്കണമെന്നും അധ്യാപക സംഘടനകൾ ആവശ്യപ്പെട്ടു.

# പ്ലൂംമിന്റെ ക്ലൗഡ് പ്ലാറ്റ്ഫോമുമായി ജിയോ

**കൊച്ചി/മുംബൈ:** റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, ഇന്ത്യയിലുടനീളമുള്ള വരിക്കാർക്ക് മുൻനിര സ്മാർട്ട് ഹോം, ചെറുകിട ബിസിനസ്സ് സേവനങ്ങൾ നൽകുതിനായി നെറ്റ്വർക്ക് സേവനങ്ങളും ഉപഭോക്തൃ അനുഭവങ്ങളിലെയും മുൻനിരക്കാരായ പ്ലൂമുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. ഈ പങ്കാളിത്തത്തിലൂടെ പ്ലൂമിന്റെ ഏറ്റവും മികച്ച ക്ലൗഡ് പ്ലാറ്റ്ഫോം ഉപയോഗിച്ച് ഇന്ത്യയിലെ ഏകദേശം 200 ദശലക്ഷം സ്ഥലങ്ങളിൽ ജിയോ അത്യാധുനിക സേവനങ്ങൾ എത്തിക്കുമെ് റിലയൻസ് ജിയോ പ്രസിഡന്റ് മാത്യു ഉമ്മൻ പറഞ്ഞു.ക്ലൗഡ് ടെക്നോളജി വഴി ഫിക്സഡ്ലൈൻ, വയർലെസ് സേവനങ്ങൾ വാഗ്ദാനം ചെയ്യുതിലൂടെ, രാജ്യത്തിനുള്ളിൽ ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകിക്കൊണ്ട് ഇന്ത്യയിലെ ഉപഭോക്താക്കളുടെ ഡിജിറ്റൽ ആവശ്യങ്ങൾ പരിഹരിക്കുതിൽ ജിയോ ശ്രദ്ധ കേന്ദ്രീകരിക്കു. ഇത് നിറവേറ്റുതിനായി, അതിവേഗ ഇന്റർനെറ്റും വിനോദ സേവനങ്ങളും നൽകുകയെ ലക്ഷ്യത്തോടെ  ജിയോ ഫൈബർ, ജിയോ എയർഫൈബർ നെറ്റ്വർക്കുകൾ സ്ഥാപിച്ചിട്ടുണ്ടെും മാത്യു ഉമ്മൻ പറഞ്ഞു.

ഈ പുതിയ പങ്കാളിത്തത്തോടെ, പ്ലൂമിന്റെ എഐയാൽ ശാക്തീകരിച്ച ക്ലൗഡ് അധിഷ്ഠിത പ്ലാറ്റ്ഫോം പ്രവർത്തനക്ഷമമാക്കു ഹോംപാസ്, വർക്ക്പാസ് ഉപഭോക്തൃ സേവനങ്ങൾ ജിയോ വിന്യസിക്കും. ഈ സേവനങ്ങളിൽ ഹോൾഹോം അഡാപ്റ്റീവ് വൈഫൈ, കണക്റ്റുചെയ്ത ഉപകരണത്തിന്റെയും ആപ്ലിക്കേഷൻ പ്രകടനത്തിന്റെയും മെച്ചപ്പെടുത്തൽ, കണക്റ്റുചെയ്ത ഉപകരണങ്ങൾക്കുള്ള സൈബർ ഭീഷണികളിൽ നി് സംരക്ഷണം, വിപുലമായ രക്ഷാകർതൃ നിയന്ത്രണങ്ങൾ, വൈഫൈ മോഷൻ സെൻസിംഗ്, അധിക ഫീച്ചറുകൾ എിവ ഉൾപ്പെടു. പ്ലൂമിന്റെ ഹേസ്റ്റാക്ക് സപ്പോർട്ട്, ഓപ്പറേഷൻസ് സ്യൂട്ട് എിവയിലേക്കുള്ള ആക്സസ്, പ്രകടനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തിരിച്ചറിയാനും വിശകലനം ചെയ്യാനും വേഗത്തിൽ പ്രവർത്തിക്കാനും നെറ്റ്വർക്ക് തകരാറുകളുടെ സ്ഥാനം കണ്ടെത്താനും മൊത്തത്തിലുള്ള ഉപഭോക്തൃ അനുഭവം നിരീക്ഷിക്കാനും ജിയോയുടെ ഉപഭോക്തൃ പിന്തുണയെയും ഓപ്പറേഷൻസ് ടീമിനെയും പ്രാപ്തമാക്കുമെും അദ്ദേഹം പറഞ്ഞു.ജിയോയുമായുള്ള പങ്കാളിത്തം പ്ലൂമിന്റെ സേവനങ്ങളുടെ ആഗോള വിപുലീകരണത്തെ അടയാളപ്പെടുത്തുുവെ് പ്ലൂം ചീഫ് റവന്യൂ ഓഫീസർ അഡ്രിയാൻ ഫിറ്റ്സ്ജെറാൾഡ് പറഞ്ഞു.

## മത്സ്യമേഖലയിലെ സംരംഭകത്വത്തെ കുറിച്ച് വർക് ഷോപ് സംഘടിപ്പിക്കുന്നു

**കൊച്ചി:** വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് ആയ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (കീഡ്) മത്സ്യമേഖലയിലെ സംരംഭകത്വത്തെ കുറിച്ച് 5 ദിവസത്തെ വർക് ഷോപ്പ്  സംഘടിപ്പിക്കുന്നു. മത്സ്യ മേഖലയിൽ സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന യുവതി യുവാക്കൾക്ക്  നവംബർ 6 മുതൽ 10 വരെ കളമശ്ശേരി കീഡ് ക്യാമ്പസിലാണ് പരിശീലനം.

ഫിഷറീസ്, അക്വാകൾച്ചർ എന്നിവയിലെ സംരംഭകത്വ അവസരങ്ങൾ, മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ, അലങ്കാര മത്സ്യകൃഷി, സ്റ്റേറ്റ് ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ, വ്യവസായ വാണിജ്യ വകുപ്പിന്റെ പദ്ധതികൾ, ഇൻഡസ്ട്രിയൽ വിസിറ്റ്, മേഖലയിലെ സംരംഭകരുടെ അനുഭവം പങ്കിടൽ തുടങ്ങിയ വിവിധ ക്ലാസ്സുകളും പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

താൽപര്യമുള്ളവർ ഒക്ടോബർ 30 ന് മുൻപ് അപേക്ഷ സമർപ്പിക്കണം.

ജനറൽ വിഭാഗത്തിന് കോഴ്സ് ഫീയും സർട്ടിഫിക്കറ്റും ഭക്ഷണവും താമസവും ഉൾപ്പെടെ 3540 രൂപയാണ് ആകെ ഫീസ്. താമസം ആവശ്യമില്ലെങ്കിൽ 1500 രൂപയാണ് ഫീസ്. എസ്.സി / എസ്. ടി വിഭാഗത്തിന് കോഴ്സ് ഫീയും സർട്ടിഫിക്കറ്റും ഭക്ഷണവും താമസവും ഉൾപ്പെടെ 2000 രൂപയാണ് ആകെ ഫീസ്. താമസം ആവശ്യമില്ലെങ്കിൽ 1000 രൂപയാണ് ഫീസ്.കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക0484 2532890 / 2550322/9605542061.



# ഷെൻ ഹുവ15 മടങ്ങി

**വിഴിഞ്ഞം:** ആഘോഷമായെത്തിയ ഷെൻഹുവ മടങ്ങി. കേരളക്കരയിലെ 12 ദിവസത്തെ നങ്കൂരത്തിനുശേഷം ദൗത്യം പൂർത്തിയാക്കി ഇന്നലെ വൈകുന്നേരംനാല് മണിയോടെയാണ് കപ്പൽ വിഴിഞ്ഞം തീരംവിട്ടത്.

അധികൃതർ ആരും തിരിഞ്ഞു നോക്കിയില്ലെങ്കിലും സുരക്ഷക്കായി തീരദേശ പോലീസ് വാടകക്കെടുത്ത ഒൻപത് മത്സ്യബന്ധന വള്ളങ്ങളും അദാനിയുടെ വക ഡോൾഫിൻ 41 എന്ന കൂറ്റൻ ടഗ്ഗും തീരത്തിനും 12 നോട്ടിക്കൽ മൈൽ അപ്പുറത്തുള്ള അന്താരാഷ്ട്ര കപ്പൽ ചാൽ വരെ ഷെ ൻ ഹുവയ്ക്ക് അകമ്പടിയേകി.

ഇക്കഴിഞ്ഞ 15ന് തുറമുഖത്തേക്ക് അടുപ്പിക്കാൻ ചുമതലപ്പെട്ടനാല് ടഗ്ഗുകളുടെ വാട്ടർ സല്യൂട്ടും മുഖ്യമന്ത്രിയും മന്ത്രിമാരും കേന്ദ്രമന്ത്രിയും എംപിയും എംഎൽഎയും മറ്റുദ്യോഗസ്ഥ പ്രമുഖരു ടെയും ആകാശത്ത് വർണം വിതറിയുള്ള ആഘോഷമായ സ്വീകരണങ്ങൾ ഏറ്റുവാങ്ങിയാണ് ചൈനീസ് കപ്പലായ ഷെൻഹുവ 15 അന്താരാഷ്ട്ര തുറമുഖത്ത് നിർമിച്ച ബർത്തിൽ അടുത്തത്. സ്വീകരണ ശേഷമുണ്ടായ രാഷ്ട്രീയ കോലാഹലങ്ങളും വിമർശനങ്ങളും ഏറ്റുവാങ്ങിയാണ് ഷെൻഹുവയുടെ ഇന്നലത്തെ മടക്കം. മാനുഷികതടസങ്ങളോ പ്രതിഷേധങ്ങളോ ഇല്ലാതെ ജോലി പൂർത്തിയാക്കാൻ കഴിഞ്ഞതിൻറെ സന്തോഷത്തിൽ കേരളക്കരക്ക് നന്ദിയറിയിച്ച ചൈനീസ് സംഘം ഷാംങ്ഹായ് തുറമുഖം ലക്ഷ്യമാക്കിയാത്ര പുറപ്പെട്ടു.

കേരളത്തിൻറെ സമുദ്രാതിർത്തിയായ പന്ത്രണ്ട് നോട്ടിക്കൽ ഉൾക്കടൽവരെ വിഴിഞ്ഞം കോസ്റ്റൽ സി.ഐ. പ്രദീപ്, എസ്.ഐ. ഗിരീഷ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ പോലീസുകാരും കോസ്റ്റൽ വാർഡൻ മാരുമടങ്ങുന്ന 36 അംഗ സംഘം സുരക്ഷയൊരുക്കി. ഒരു മണിക്കൂർ നീണ്ട യാത്രക്കൊടുവിൽ കപ്പൽ ചാനലിലെത്തിയ ഷെൻ ഹുവാ യെ മടക്കി അയച്ചശേഷം അകമ്പടിക്കാർ തിരിച്ചെത്തി.

# കാലാവസ്ഥാ വ്യതിയാനം, നെൽകൃഷി വിളവെടുപ്പിൽ ഗണ്യമായ കുറവ്

**വെച്ചൂർ:** കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന്അപ്പർ കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷി വിളവെടുപ്പിൽ നെല്ല് ലഭ്യതയിൽ ഗണ്യമായ കുറവുണ്ടായതായി കർഷകർ. വൈക്കത്ത് ഏറ്റവും കൂടുതൽ നെൽകൃഷി നടക്കുന്ന പഞ്ചായത്തുകളിൽ ഒന്നായ വെച്ചൂരിൽ ഏതാനും പാടശേഖരങ്ങളിലെ വിളവെടുപ്പ് പൂർത്തിയാകുമ്പോൾ കർഷകർക്ക് കനത്തപ്രഹരമാണ് ലഭിച്ചത്.

ഏക്കറിന് 18നും 24നും മധ്യേ ക്വിൻറൽ നെല്ല് ലഭിച്ചിരുന്ന പാടശേഖരങ്ങളിൽ 10നും18നും മധ്യേ ക്വിൻറൽ നെല്ലാണ് ലഭിച്ചത്. നല്ല ഉണക്കുള്ളപ്പോഴാണ് നെല്ല് വിതച്ചത്. പിന്നീട് ശക്തമായ മഴ പെയ്ത് പാടത്തു നിന്നു വെള്ളം വറ്റിക്കാൻ കഴിയാതെ വന്നു. നെൽച്ചെടിയുടെ വളർച്ചയ്ക്ക് ശുദ്ധജലം അനിവാര്യമായ സമയത്ത് മഴ പെയ്തില്ല. കാലാവസ്ഥയിലുണ്ടായ ഈ മാറ്റമാണ് കൃഷിയെ പ്രതികൂലമായി ബാധിച്ചതെന്ന് കർഷകർ പറയുന്നു.



2007 ലാണ് നെല്ലിൻറെ ഹാൻഡ്‌ലിംഗ് ചാർജായി സർക്കാർ 12 രൂപ അനുവദിച്ചത്. 16 വർഷം കഴിഞ്ഞിട്ടും ഹാൻഡ്‌ലിംഗ് ചാർജ് വർധിപ്പിച്ചില്ല. അതേസമയം നെല്ല് സംഭരിക്കുന്ന സ്വകാര്യ മില്ലുകൾക്ക് അതത് കാലങ്ങളിൽ ഹാൻഡലിംഗ് ചാർജ് വർധിപ്പിച്ചു നൽകുന്നുണ്ടെന്ന് കർഷകർ ആരോപിക്കുന്നു.

പാടത്ത് ഇത്തവണ കള തഴച്ചുവളർന്നു. നാലു തവണ മരുന്നടിച്ചു കള നശിപ്പിച്ചു. മരുന്നിനും മരുന്നടി കൂലിയുമായി ഒരേക്കറിന് 10,000 രൂപയോളം ചെലവായി.

ഏക്കറിന് 30,000 രൂപയോളം ചെലവായെങ്കിലും വിളവെടുപ്പിൽ തിരിച്ചടിയുണ്ടായതോടെ കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാകുമെന്ന സ്ഥിതിയിലാണ്.




# നിസാൻ ഹൈപ്പർ ഫോഴ്‌സ് കൺസെപ്റ്റുകൾ ജപ്പാൻ മൊബിലിറ്റി ഷോയിൽ

**കൊച്ചി:** നിസാൻ മോട്ടോർ കമ്പനി ലിമിറ്റഡ് ഏറ്റവും പുതിയ നിസാൻ ഹൈപ്പർ ഫോഴ്‌സ് കൺസെപ്റ്റുകൾ ജപ്പാൻ മൊബിലിറ്റി ഷോയിൽ അവതരിപ്പിച്ചു. അതി നൂതന ഹൈപ്പർ കൺസെപ്റ്റ് ഓൾ ഇലക്ട്രിക് ഹൈ പെർഫോമൻസ് വാഹനശ്രേണിയിൽ അഞ്ചു കാറുകളാണ് ഉൾപ്പെടുന്നത്. ഉപഭോക്താക്കളുടെ ഭാവി ആവശ്യങ്ങൾക്കും ജീവിതശൈലികൾക്കും പരിസ്ഥിതിക്കും ഇണങ്ങും വിധം രൂപകൽപന ചെയ്ത നിസാൻ ഹൈപ്പർ ഫോഴ്‌സ് സൂപ്പർ കാറുകൾ റേസിംഗ് പ്രേമികളുടെയും ഗെയിമാർമാരുടെയും അഭിരുചികളെ പൂർണ്ണമായി തൃപ്തിപ്പെടുത്താനും ലക്ഷ്യമിടുന്നു.

ഒപ്റ്റിമൽ വെയ്റ്റ് ബാലൻസിങ്, 1,000 കിലോവാട്ട് വരെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന സോളിഡ് സ്റ്റേറ്റ് ബാറ്ററി, ശക്തമായ ഡൗൺഫോഴ്‌സ് നിയന്ത്രണ സാങ്കേതികവിദ്യ, ഭാരക്കുറവ്,വളവുതിരിവുകളിലെ സുഗമ നിയന്ത്രണം തുടങ്ങിയ പ്രത്യേകതകളുമുണ്ട്. അഞ്ചു കൺസെപ്റ്റ് കാറുകളും നാളെയുടെ പ്രതീകങ്ങളാണെന്നു നിസാൻ പ്രസിഡന്റും സിഇഒയുമായ മക്കോട്ടോ ഉചിദ പറഞ്ഞു. മറ്റുള്ളവർ ചെയ്യാൻ മടിക്കുന്ന ദൗത്യം ധൈര്യപൂർവ്വം ഏറ്റെടുക്കുക എന്ന സ്ഥാപനത്തിന്റെ മൗലിക സമീപനമാണ് ഹൈപ്പർ ഫോഴ്‌സ് കൺസെപ്റ്റുകളുടെ സാക്ഷാത്കാരത്തിലും പ്രകടമാകുന്നത്.

# രാജ്യത്തെ ഒന്നാം നമ്പർ ഓട്സ് ബ്രാൻഡായി സഫോള

**കൊച്ചി:** മാരികോ ലിമിറ്റഡിന്റെ സഫോള ഓട്സ് രാജ്യത്തെ ഒന്നാം നമ്പർ ഓട്സ് ബ്രാൻഡ് പദവിയിൽ. കാന്താർ ഹൗസ് ഹോൾഡ് പാനൽ ഡാറ്റയിലാണ് ഇക്കാര്യം സ്ഥിരീകരിച്ചത്. നാൽപ്പത്തിമൂന്നു ശതമാനമാണ് സഫോള ഓട്സിന്റെ വിപണിവിഹിതം. രാജ്യത്തെ ഓരോ 11 കുടുംബങ്ങളിലും ഒന്നിന്റെ വീതം ദൈനംദിന ഭക്ഷണത്തിൽ ഓട്സ് ഇടംപിടിച്ചതായും കാന്താർ ഡാറ്റ വ്യക്തമാക്കുന്നു. മഹാരാഷ്ട്ര, കേരളം,പശ്ചിമ ബംഗാൾ തുടങ്ങിയ വിപണികളിൽ നിന്നാണ് ഏറ്റവും മികച്ച പ്രതികരണം.

കടുത്ത മത്സരമുള്ള പ്ലെയിൻ ഓട്സ് വിപണിയിൽ ഇരുപത്തിയൊന്നാമതായി 2011ലാണ് സഫോളയുടെ രംഗപ്രവേശം. പത്തു വർഷംകൊണ്ടു പത്തുമടങ്ങ് വളർച്ച കൈവരിക്കാൻ ബ്രാൻഡിനു കഴിഞ്ഞു. നിർണായക നാഴികക്കല്ലാണ് സഫോളയുടെ അത്യന്തം അഭിമാനകരമായ നേട്ടമെന്ന് മാരികോ ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ സൗഗദ ഗുപ്ത പറഞ്ഞു. ഓട്സിനേയും മില്ലറ്റുകളേയും സഫോള ഏകോപിപ്പിച്ചു.മികവ്, നവീനത, ഉപഭോക്തൃ സംതൃപ്തി എന്നിവയിൽ പുലർത്തുന്ന പ്രതിബദ്ധതയാണ് വിപണിയിൽ ഒന്നാമതെത്തിച്ചതെന്നും അദ്ദേഹം പറഞ്ഞു.

## ഇന്ത്യയും യൂറോപ്യന് യൂണിയനും ആദ്യത്തെ സംയുക്ത നാവികാഭ്യാസം നടത്തി

**ന്യൂ ഡൽഹി:** നാവിക സമുദ്ര സുരക്ഷാ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഇന്ത്യയുടെയും യൂറോപ്യൻ യൂണിയന്റ്റെയും കപ്പലുകൾ ഗൾഫ് ഓഫ് ഗിനിയിൽ 2023 ഒക്ടോബർ 24 ന് അവരുടെ ആദ്യത്തെ സംയുക്ത നാവികാഭ്യാസം നടത്തി. 2023 ഒക്ടോബര് 5 ന് ബ്രസല്സില് നടന്ന യൂറോപ്യന് യൂണിയന്ഇന്ത്യ, സമുദ്ര സുരക്ഷാ സംഭാഷണത്തിന്റെ മൂന്നാമത്തെ യോഗത്തിന്റെ തുടർച്ചയായാണ് അഭ്യാസം സംഘടിപ്പിച്ചത്. ഇറ്റാലിയൻ നാവിക കപ്പൽ ഐടിഎസ് ഫോസ്കാരി, ഫ്രഞ്ച് നാവിക കപ്പൽ എഫ്എസ് വെന്റോസ്, സ്പാനിഷ് നാവിക കപ്പൽ ടൊർണാഡോ എന്നീ മൂന്ന് യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങളുടെ കപ്പലുകളോടൊപ്പം ഇന്ത്യൻ നാവികസേനയുടെ സമുദ്ര നിരീക്ഷണ കപ്പലായ ഐഎൻഎസ് സുമേധയും അഭ്യാസത്തിൽ പങ്കെടുത്തു. ഹെലികോപ്റ്ററുകൾ ഉപയോഗിച്ചുള്ള പറക്കൽ അഭ്യാസം, നിരവധി തന്ത്രപരമായ അഭ്യാസങ്ങൾ നാല് കപ്പലുകളും പരിശീലിച്ചു.

# കുസാറ്റ് ജപ്പാനിലെ നീഗാറ്റ സർവകലാശാലയുമായി ധാരണാപത്രം ഒപ്പുവെച്ചു



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും ജപ്പാനിലെ നീഗാറ്റ സർവകലാശാലയുമായുള്ള ഗവേഷണ സഹകരണത്തിനായി ധാരണാപത്രം ഒപ്പുവച്ചു. സഹകരണത്തിന്റെ ഭാഗമായി, നീഗട്ട സർവകലാശാലയിലെ ഡോ. ഹിദേകി യമാഷിറോയുടെ നേതൃത്വത്തിലുള്ള ഗവേഷകരുടെ സംഘം കുസാറ്റ് വൈസ് ചാൻസലർ ഡോ. പി.ജി. ശങ്കരനുമായി കൂടിക്കാഴ്ച നടത്തി. ഇന്റർനാഷണൽ റിലേഷൻസ് ഓഫീസ് ഡയറക്ടർ ഡോ. ഹരീഷ് രാമനാഥൻ, ജപ്പാനിലെ ഹിരോസാക്കി യൂണിവേഴ്സിറ്റി, തോഹോകു യൂണിവേഴ്സിറ്റി, ഹോക്കൈഡോ യൂണിവേഴ്സിറ്റി തുടങ്ങിയ വിവിധ സർവകലാശാലകളിൽ നിന്നുള്ള 6 മുതിർന്ന ഫാക്കൽറ്റി അംഗങ്ങളും നിഗറ്റ യൂണിവേഴ്സിറ്റിയിലെ രണ്ട് വിദ്യാർത്ഥികളും ചർച്ചയുടെ ഭാഗമായി. 10 ദിവസം കേരളത്തിൽ ഗവേഷണം നടത്തുന്ന സംഘം ഷെൽ ഫിഷുകളുടെയും എലികളുടെയും സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിക്കും. ജാപ്പനീസ് സൊസൈറ്റി ഫോർ സയൻസ് പ്രൊമോഷൻ (ജെഎസ്പിഎസ്)നാണ് പദ്ധതിക്ക് ധനസഹായം നൽകുന്നത്. കുസാറ്റ് മറൈൻ ബയോളജി വിഭാഗത്തിൽ നിന്നുള്ള പ്രൊഫ. മുഹമ്മദ് ഹത്ത ഈ പ്രോജക്റ്റിന്റെ സഹ പ്രോജക്ട് ഇൻവെസ്റ്റിഗേറ്റർ ആയി സർവകലാശാലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

സസ്റ്റൈനബിൾ എർത്ത് (എസ്എആർത്ത്) പ്രോഗ്രാമിന് കീഴിൽ നടക്കുന്ന ഈ പ്രോജക്ടിൽ നീഗാട്ടയ്ക്ക് കുസാറ്റിനു പുറമെ ഇന്ത്യയിൽ നിന്നും ഐഐഎസ്സി ബാംഗ്ലൂർ, ഐഐടി റൂർക്കി, ഐഐടി കാൺപൂർ, ഐഐഎസ്ടി എന്നിവയും പങ്കാളികളാണ്. ഇന്ത്യയ്ക്ക് പുറത്ത് നിന്ന് ഓസ്ട്രേലിയയിൽ നിന്നുള്ള മൂന്ന് സർവകലാശാലകളും ശ്രീലങ്കയിൽ നിന്നുള്ള ഒരു സർവകലാശാലയും നീഗാട്ട സർവകലാശാലയുടെ ഈ പ്രോജക്ടിൽ ഉൾപ്പെടുന്നു.

വിദ്യാർത്ഥി അദ്ധ്യാപക കൈമാറ്റത്തിന്റെ ഭാഗമായി കുസാറ്റിലെ മറൈൻ ബയോളജി, മറൈൻ ജിയോളജി ആൻഡ് ജിയോഫിസിക്സ് വിഭാഗത്തിൽ നിന്നുള്ള വിദ്യാർത്ഥികളും ഫാക്കൽറ്റികളും ജപ്പാനിലെ നീഗാറ്റ സർവകലാശാല സന്ദർശിച്ചിരുന്നു. 2018 മുതൽ, മറൈൻ ബയോളജി വിദ്യാർത്ഥികളും ഫാക്കൽറ്റികളും ജപ്പാനിലെ സാഡോ ദ്വീപിലെ മറൈൻ ബയോളജിക്കൽ സ്റ്റേഷനിൽ നീഗാറ്റ യൂണിവേഴ്സിറ്റി സംഘടിപ്പിച്ച ഇന്റർനാഷണൽ മറൈൻ ബയോളജി കോഴ്സിൽ പങ്കെടുക്കുന്നുണ്ട്. ഇതിനായി ജാപ്പനീസ് സയൻസ് ആൻഡ് ടെക്നോളജി ഏജൻസിയാണ് സമ്പൂർണ്ണ ധനസഹായം നൽകുന്നത്.

## ആരോഗ്യ കേരളം; വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**തൃശ്ശൂർ:** ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ താൽക്കാലികമായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. മെഡിക്കൽ ഓഫീസർ, ജെപിഎച്ച്എൻ/ആർബിഎസ്കെ നേഴ്സ്, സീനിയർ ടിബി ലാബോറട്ടറി സൂപ്പർവൈസർ (എസ്.ടി.എൽ.എസ്.), ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്റ്റാഫ് നഴ്സ് (പാലിയേറ്റീവ് കെയർ) എന്നീ തസ്തികകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷിക്കുന്നവർ ജനന തിയ്യതി, യോഗ്യത, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ അസ്സലും അവയുടെ പകർപ്പുകളും ബയോഡാറ്റയും (മൊബൈൽ നമ്പർ, ഇമെയിൽ ഐ.ഡി.) സഹിതം ഒക്ടോബർ 31 ന് വൈകീട്ട് 5 നകം ആരോഗ്യകേരളം, തൃശ്ശൂർ ഓഫീസിൽ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് www.arogyakeralam.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം മൂന്നു ഘട്ടങ്ങളും വിജയം

**തിരുവനന്തപുരം:** മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0 മൂന്ന് ഘട്ടങ്ങളും സംസ്ഥാനത്ത് പൂർത്തിയായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മൂന്നാം ഘട്ടത്തിൽ ലക്ഷ്യം വച്ച 86 ശതമാനം കുട്ടികൾക്കും 100 ശതമാനം ഗർഭിണികൾക്കും വാക്സിൻ നൽകി. അഞ്ച് വയസ് വരെയുള്ള 76,629 കുട്ടികൾക്കും 11,310 ഗർഭിണികൾക്കുമാണ് വാക്സിൻ നൽകിയത്. ഇതുകൂടാതെ ഇതുവരെ വാക്സിൻ സ്വീകരിക്കാത്ത 1273 കുട്ടികൾക്ക് കൂടി വാക്സിൻ നൽകാനായി. ഒന്നാംഘട്ടത്തിൽ 75 ശതമാനത്തിലധികം കുട്ടികൾക്കും 98 ശതമാനത്തിലധികം ഗർഭിണികൾക്കും രണ്ടാം ഘട്ടത്തിൽ 91 ശതമാനം കുട്ടികൾക്കും 100 ശതമാനം ഗർഭിണികൾക്കുമാണ് വാക്സിൻ നൽകിയത്. മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം വിജയമാക്കാൻ പ്രവർത്തിച്ച എല്ലാവർക്കും മന്ത്രി നന്ദി അറിയിച്ചു.

തിരുവനന്തപുരം 8790, കൊല്ലം 2984, ആലപ്പുഴ 3435, പത്തനംതിട്ട 1627, കോട്ടയം 2844, ഇടുക്കി 1258, എറണാകുളം 4110, തൃശൂർ 4885, പാലക്കാട് 9835, മലപ്പുറം 17677, കോഴിക്കോട് 8569, വയനാട് 1603, കണ്ണൂർ 4887, കാസർഗോഡ് 4125 എന്നിങ്ങനെയാണ് മൂന്നാം ഘട്ടത്തിൽ 5 വയസിന് താഴെ പ്രായമുള്ള കുട്ടികൾ വാക്സിൻ സ്വീകരിച്ചത്. തിരുവനന്തപുരം 1731, കൊല്ലം 388, ആലപ്പുഴ 520, പത്തനംതിട്ട 228, കോട്ടയം 601, ഇടുക്കി 225, എറണാകുളം 758, തൃശൂർ 783, പാലക്കാട് 1509, മലപ്പുറം 1397, കോഴിക്കോട് 1597, വയനാട് 429, കണ്ണൂർ 534, കാസർഗോഡ് 610 എന്നിങ്ങനെയാണ് ഗർഭിണികൾ വാക്സിൻ സ്വീകരിച്ചത്.ആഗസ്റ്റ് 7 മുതൽ 12 വരെ ഒന്നാംഘട്ടവും സെപ്റ്റംബർ 11 മുതൽ 16 വരെ രണ്ടാംഘട്ടവും ഒക്ടോബർ 9 മുതൽ 14 വരെ മൂന്നാം ഘട്ടവും സംഘടിപ്പിച്ചു.

# അട്ടപ്പാടിയിലെ ചെറുധാന്യങ്ങളുടെ ഉത്പാദനം വർധിപ്പിച്ച് ജനങ്ങളിൽ എത്തിക്കണം

പാലക്കാട്: അട്ടപ്പാടിയിലെ ചെറുധാന്യങ്ങളുടെ ഉത്പാദനം വർധിപ്പിച്ച് ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയണമെന്നും ആഹാരശീലം എന്ന നിലയിൽ അട്ടപ്പാടിയിലെ ആളുകളിലേക്ക് നൽകണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ.

അന്താരാഷ്ട്ര ചെറുധാന്യ വർഷത്തോടനുബന്ധിച്ച് അട്ടപ്പാടി ആദിവാസി സമഗ്ര വികസന പദ്ധതിയുടെയും ജില്ലാ കുടുംബശ്രീ മിഷൻറെയും ആഭിമുഖ്യത്തിൽ സംസ്ഥാനതല് തീവനഗ ചെറുധാന്യ സന്ദേശ യാത്രയുടെ സമാപനം പാലക്കാട് സിവിൽ സ്റ്റേഷൻ പരിസരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്.

ജീവിത ശൈലിയുടെ ഭാഗമായി വന്ന ഭക്ഷണ മാറ്റങ്ങൾ സംഭവിച്ച ഇന്നത്തെ കാലഘട്ടത്തിൽ ജനങ്ങളെ ചെറുധാന്യങ്ങളുടെ ഗുണഗണങ്ങൾ സംബന്ധിച്ച് ബോധവാന്മാരാക്കി ചെറുധാന്യങ്ങൾ ശീലമാക്കാൻ കഴിയണമെന്നും പറഞ്ഞു.

പാലക്കാട് സിവിൽ സ്റ്റേഷൻ പരിസരത്ത് ചെറുധാന്യങ്ങളുടെയും മൂല്യവർധിത ഉത്പന്നങ്ങളുടെയും വിൽപ്പനക്കായി കിയോസ്കും കഫേയും ആരംഭിക്കുന്നതിന് ആലോചിക്കാമെന്ന് ജില്ലാ കളക്ടർ ഡോ. എസ്. ചിത്ര പറഞ്ഞു. ഡിഎംസി പ്രപ്പോസൽ നൽകിയാൽ ഇതുമായി ബന്ധപ്പെട്ട് നടപടി ഉണ്ടാകുമെന്നും പറഞ്ഞു.

അട്ടപ്പാടിയിൽ ഉത്പാദിപ്പിക്കുന്ന വൈവിധ്യമായ തനത് ചെറുധാന്യങ്ങളുടെ ഉത്പാദനം വർധിപ്പിക്കാനും ഉത്പന്നങ്ങളുടെ വിപണനം ഉയർത്താനും എല്ലാ ജില്ലകളിലും ചെറുധാന്യ കൃഷി വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമാക്കി 14 ജില്ലകളിലായി നടത്തിയ സംസ്ഥാനതല ചെറുധാന്യ ഉത്പന്ന പ്രദർശന വിപണന ബോധവത്കരണ യാത്രയാണ് ജില്ലയിൽ പര്യടനം പൂർത്തിയാക്കിയത്.ചെറുധാന്യ സന്ദേശയാത്രയിൽ പങ്കെടുത്ത അട്ടപ്പാടി കുടുംബശ്രീ അംഗങ്ങളെ പരിപാടിയിൽ ആദരിച്ചു.



# ഐ.എസ്.എൽ:അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ

മെടോ സ്റ്റേഷനിൽ വിർച്വൽ റിയാലിറ്റി, 360 ഡിഗ്രി വീഡിയോ ബൂത്തുകൾ
10 മണിക്ക് ശേഷം ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ്
ഗതാഗതക്കുരുക്കൊഴിവാക്കാൻ മെട്രോ ഉപയോഗിക്കാം



**കൊച്ചി:** ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഐ.എസ്.എൽ ഫുട്ബോൾ ചാംപ്യൻഷിപ്പിൽ ഇ് നടക്കു കേരള ബ്ലാസ്റ്റേഴ്സ്-ഒഡീഷ എഫ്സി മൽസരത്തിനോടനുബന്ധിച്ച്  കൊച്ചി മെട്രോ അധിക സർവ്വീസ് ഒരുക്കു. ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ നി ആലുവ ഭാഗത്തേക്കും എസ്എൻ ജംഗ്ഷനിലേക്കുമുള്ള അവസാന ട്രെയിൻ സർവ്വീസ് 11.30ന് ആയിരിക്കും. രാത്രി പത്ത് മണി മുതൽ ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ് ഉണ്ടായിരിക്കുതാണ്. മത്സരം കാണുതിനായി മെട്രോയിൽ വരുവർക്ക് മത്സരശേഷം തിരികെ യാത്ര ചെയ്യുതിനായുള്ള ടിക്കറ്റ് ആദ്യം തെ വാങ്ങാൻ സാധിക്കും. ടിക്കറ്റ് വാങ്ങുതിനായുള്ള ക്യൂ ഒഴിവാക്കാൻ ഇതുവഴി സാധിക്കും.  മെട്രോയിൽ ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിലേക്ക് എത്തുവർക്ക് റോഡ് മുറിച്ച് കടക്കാതെ മെട്രോ സ്റ്റേഷന് അകത്ത് നി തെ സ്റ്റേഡിയം ഭാഗത്തേക്ക് പ്രവേശിക്കാവുതാണ്.

കൊച്ചിയിൽ മത്സരം നടക്കു ദിവസങ്ങളിലെല്ലാം രാത്രി 11.30 വരെ മെട്രോ അധികസർവ്വീസ് ഏർപ്പെടുത്തുണ്ട്.  പൊതുജനങ്ങൾക്കും മത്സരം കണ്ട് മടങ്ങു ഫുട്ബോൾ ആരാധകർക്കും മെട്രോ സർവ്വീസ് പ്രയോജനപ്പെടുത്താം. തിരക്ക് നിയന്ത്രിക്കുതിനായി പ്രത്യേക ക്രമീകരണങ്ങൾ സ്റ്റേഷനിൽ ഒരുക്കിയിട്ടുണ്ട്. ഫുട്ബോൾ പ്രേമികളുടെ ആവേശം ഇരട്ടിയാക്കാൻ ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ ഇത്തവണ രാവിലെ 10 മുതൽ രാത്രി 9 മണി വരെ വിർചൽ റിയാലിറ്റി, 360 ഡിഗ്രി വീഡിയോ ബൂത്തുകൾ സജ്ജമാക്കിയിട്ടുണ്ട്. മെട്രോ സ്റ്റേഷനിൽ എത്തുവർക്ക് ഈ ബൂത്തിൽ ഒരുക്കിയിരിക്കു ഗോൾ വലയിലേക്ക് പന്ത് തട്ടാം. വിർചൽ റിയാലിറ്റി വഴി ഫുട്ബോൾ ആവേശത്തിൽ പങ്കുചേരാനും 360 ഡിഗ്രി വീഡിയോ എടുക്കുതിനും അവസരമുണ്ടാകും. വ വൈബ് എ സ്ഥാപനവുമായി കൈകോർത്താണ് കൊച്ചി മെട്രോ ഐഎസ്എൽ ആവേശം വിർചൽ റിയാലിറ്റി വഴി മെട്രോ സ്റ്റേഷനിലേക്ക് എത്തിക്കുത്. നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കൊച്ചി മെട്രോ സ്റ്റേഷനുകളിലെ പേ ആൻഡ് പാർക്ക് സൌകര്യം ഉപയോഗിക്കാവുതാണ്. തൃശൂർ, മലപ്പുറം ഭാഗത്ത് നി വരുവർക്ക് ആലുവ മെട്രോ സ്റ്റേഷനിലെ പാർക്കിംഗ് സ്ഥലത്ത് ബസ്സുകളും കാറുകളും പാർക്ക് ചെയ്ത ശേഷം മെട്രോയിൽ സ്റ്റേഡിയം ഭാഗത്തേക്ക് യാത്ര ചെയ്യാൻ സാധിക്കും. അൻപത് കാറുകളും 10 ബസ്സുകളും ഒരോ സമയം പാർക്ക് ചെയ്യാനുള്ള സൌകര്യമാണ് ആലുവ സ്റ്റേഷനിലുള്ളത്.പറവൂർ, കൊടുങ്ങല്ലൂർ വഴി ദേശീയപാത 66ൽ എത്തുവർക്ക് ഇടപ്പള്ളി മെട്രോ സ്റ്റേഷന് സമീപത്തെ പാർക്കിംഗിൽ വാഹനം പാർക്ക് ചെയ്ത് മെട്രോയിൽ ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിലേക്ക് യാത്ര ചെയ്യാനാകും. 15 ബസ്സുകളും 30 കാറുകളും ഇടപ്പള്ളിയിൽ പാർക്ക് ചെയ്യാം. ആലപ്പുഴ, തിരുവനന്തപുരം ഭാഗത്ത് നി റോഡ് മാർഗ്ഗം വരുവർക്ക് വൈറ്റിലയിൽ നി കൊച്ചി മെട്രോയിൽ യാത്ര ചെയ്ത് സ്റ്റേഡിയത്തിലേക്കെത്താം. കോട്ടയം, ഇടുക്കി മേഖലയിൽ നി വരുവർക്ക് എസ് എൻ ജംഗ്ഷൻ, വടക്കേക്കോട്ട സ്റ്റേഷനുകളിൽ നി മെട്രോ സേവനം ഉപയോഗിക്കാം.

## ഐ.എസ്.എൽ: പുതിയ തന്ത്രങ്ങളുമായി  ആശാൻ ഇന്ന് കളത്തിൽ; സ്വീകരണം നൽകാൻ ബ്ലാസ്റ്റേഴ്സ് ആരാധകർ

**കൊച്ചി:** പത്ത് മത്സരങ്ങളുടെ വിലക്കിന് ശേഷം എതിരാളികളെ വീഴ്ത്താൻ പുത്തൻ തന്ത്രങ്ങളുമായി കേരള ബ്ലാസ്റ്റേഴ്സ് പരിശീലകൻ ഇവാൻ വുകോമനോവിച്ച് ഇന്ന് വീണ്ടും മൈതാനത്തെത്തും.  ഐ.എസ്.എൽ പത്താ സീസണിൽ ഒഡീഷ് എഫ്സിക്കെതിരെ ബ്ലാസ്റ്റേഴ്സിന്റെ സ്വന്തം തട്ടകമായ കലൂർ രാജ്യാന്തരക സ്റ്റേഡിയത്തിൽ നടക്കുന്ന മൽസരത്തിലാണ് ആരാധകരുടെ  സ്വന്തം ആശാൻ ടീമിനൊപ്പം എത്തുന്നത്.കഴിഞ്ഞ സീസണിൽ ബംഗളൂരിനെതിരായ പ്ലേ ഓഫ് മത്സരം വിവാദ ഗോളിൽ പ്രതിഷേധിച്ച് പാതിവഴിയിൽ ഉപേക്ഷിച്ചതിനാണ് വുകോമനോവിച്ചിന് കനത്ത പിഴയ്ക്കൊപ്പം മത്സര വിലക്കും ഫുട്ബോൾ ഫെഡറേഷൻ ഏർപ്പെടുത്തിയത്. കഴിഞ്ഞ മത്സരങ്ങളിലെല്ലാം പുറത്തിരുന്ന ഇവാന് ഇന്ന് വൻ വരവേൽപ്പ് നൽകാനുള്ള ഒരുക്കത്തിലാണ് ആരാധകർ.  ആരാധകരെ കാണാൻ ഞാൻ ആവേശത്തോടെ കാത്തിരിക്കുകയാണെന്ന് മത്സരത്തിന് മുന്നോടിയായുള്ള വാർത്താ സമ്മേളനത്തിൽ ഇവാൻ വുകോമനോവിച്ച് പറഞ്ഞു. എന്റെ നല്ല സമയത്തും മോശം സമയത്തും അവർ എന്റെ കൂടെ ഉണ്ടായിരുന്നു. അവർക്കിടയിലേക്ക് ഒരിക്കൽ കൂടി മടങ്ങിയെത്താൻ സാധിച്ചത് ഭാഗ്യമായി കരുതുകയാണെന്നും ഇവാൻ വുകുമനോവിച്ച് വ്യക്തമാക്കി.കോച്ചിന്റെ തിരിച്ചുവരവ് സർ പൈസ് നീക്കങ്ങളിലൂടെയായിരിക്കും ആഘോഷിക്കുകയെന്ന് ബ്ലാസ്റ്റേഴ്സ് ആരാധകരുടെ ഔദ്യോഗിക കൂട്ടായ്മയായ മഞ്ഞപ്പട പറയുന്നു. അതേസമയം കഴിഞ്ഞ മത്സരത്തിൽ സസ്പെൻഷൻ കാരണം സഹപരിശീലകൻ ഫ്രാങ്ക് ഡ്വാവെൻ ഇന്ന് പുറത്തിരിക്കേണ്ടി വരും.

നിലവിൽ 7 പോയിന്റുമായി നാലാം സ്ഥാനത്താണ് ബ്ലാസ്റ്റേഴ്സ്. ഒഡീഷ 4 പോയിന്റുമായി ഏഴാം സ്ഥാനത്തും.കൊച്ചിയിലെ ആദ്യ രണ്ട് മത്സരങ്ങളും ജയിച്ച ബ്ലാസ്റ്റേഴ്സ് നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെതിരായ കഴിഞ്ഞ മത്സരത്തിൽ (1-1) സമനില വഴങ്ങിയിരുന്നു. നേരത്തെ എവേ മൽസരത്തിൽ ബ്ലാസ്റ്റേഴ്സ് മുംബൈയോടും തോറ്റു. മുഖ്യ പരിശീലകനായി ഇവാൻ ഇന്ന് തിരിച്ചെത്തുമ്പോൾ ഇന്ന് ജയത്തിൽ കുറഞ്ഞതൊന്നും ബ്ലാസ്റ്റേഴ്സിന്റെ മനസിലില്ല. പ്രതിരോധത്തിലെ കരുത്തരായ മിലോസ് ഡ്രിൻസിച്ചും,  പ്രഭീർദാസും 3 മത്സര വിലക്കുള്ളതിനാൽ ഇന്നും ഇറങ്ങില്ല. ലെസ്കോവിച്ച് ഉൾപ്പെടെയുള്ള മുൻനിര താരങ്ങളുടെ പരിക്കും ബ്ലാസ്റ്റേഴ്സിനെ അലട്ടുന്നുണ്ട്.  അഡ്രിയാൻ ലൂണയും മികച്ച ഫോമിലുള്ള  ഡാനിഷ് ഫാറൂഖുമാണ് പ്രതീക്ഷ. മൂന്ന് മത്സരങ്ങളിൽ ഒരെണ്ണം മാത്രം ജയിച്ച ഒഡീഷ എഫ്സി എഎഫ്സി കപ്പിലും വൻ തോൽവി ഏറ്റുവാങ്ങിയാണ്  കൊച്ചിയിലെത്തുന്നത്.  ബ്ലാസ്റ്റേഴ്സിനെതിരെ വിജയം നേടാനായാൽ സെർജിയോ ലൊബേറയ്ക്കും സംഘത്തിനും മുന്നോട്ടുള്ള യാത്രയിൽ കൂടുതൽ കരുത്താകുമെന്നാണ് അവരുടെ പ്രതീക്ഷ.

## സ്പൈസ് കോസ്റ്റ് മാരത്തോ എട്ടാമത് എഡിഷൻ ഒക്ടോബർ 29 ന്

**കൊച്ചി:** സ്പൈസ് കോസ്റ്റ് മാരത്തോ എട്ടാമത് എഡിഷൻ ഒക്ടോബർ 29 നു കൊച്ചിയിലെ മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടക്കുമെന്ന്  മേയർ അനിൽകുമാർ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് എിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.സച്ചിൻ ടെണ്ടുൽക്കർ മാരത്തോ ഫ്ളാഗ് ഓഫ് ചെയ്യും.  42.2 കിമീ ഫുൾ മാരത്തോ, 21.1 കിമീ ഹാഫ് മാരത്തോ, 5 കിമീ എന്നീ മൂ ന്ന് ദൂരങ്ങളാണ് മാരത്തോണിലുള്ളത്.മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നി തുടങ്ങു മാരത്തോ ഹോസ്പിറ്റൽ റോഡ്, ബോട്ട് ജെട്ടി, മറൈൻ ഡ്രൈവ് ക്വീൻസ് വേ, ഫോർഷോർ റോഡ്, തേവര, രവിപുരം, നേവൽ ബേസ്, വെണ്ടുരുത്തി, തോപ്പുംപടി, ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി, എം.ജി.റോഡ് വഴി കറങ്ങി തിരികെ മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ അവസാനിക്കും.  ഫുൾ മാരത്തോ രാവിലെ മൂര മണിക്കും ഹാഫ് മാരത്തോ രാവിലെ നാലര മണിക്കും ഫ റ രാവിലെ ആറിനും ആരംഭിക്കും.  എല്ലാ രണ്ട് കിലോമീറ്ററിലും വെള്ളവും എനർജി ഡ്രിങ്കും ലഭിക്കാനുള്ള സംവിധാനമുണ്ടായിരിക്കും. മെഡിക്കൽ ട്രസ്റ്റിന്റെ അഞ്ച് ആംബുലൻസുകളും 150 ൽ പ്പരം പാരാമെഡിക്കൽ സ്റ്റാഫും വൈദ്യസഹായത്തിനുണ്ടാകും. സൈക്കിൾ വളണ്ടിയർമാരും സോൾസ് ഓഫ് കൊച്ചിന്റെ വോളണ്ടിയർമാരും ഓട്ടക്കാരുടെ സേവനത്തിനായി രംഗത്തുണ്ടാകും.എല്ലാ ഇനങ്ങളിലുമായി ആറായിരത്തിന് മുകളിൽ രജിസ്ട്രേഷൻ ഇതിനകം നടിട്ടുണ്ട്. ലോകത്തിൻറെ പല ഭാഗത്ത് നിുമായി ഓട്ടക്കാർ പങ്കെടുക്കു മാരത്തോ പൂർണ്ണമായും പ്രകൃതി സൗഹാർദ്ദപരമായിരിക്കും. ഗുഡ്ഡി ബാഗ്, ഗ്ലാസ്, പ്ലേറ്റ് തുടങ്ങി ഒരിടത്തും ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് ഉണ്ടായിരിക്കുതല്ല. ബോർഡുകൾ എല്ലാം തുണികൊണ്ടുള്ളതാണ്. ഓലൈൻ രജിസ്ട്രേഷൻ അവസാനിച്ചെങ്കിലും ഒക്ടോബർ 26ന് രാത്രി പന്ത്രണ്ടു മുതൽ അടുത്ത രാത്രി പന്ത്രണ്ടു വരെ രജിസ്ട്രേഷൻ സംവിധാനം വീണ്ടും പ്രവർത്തിക്കുതാണ്. ഫിനിഷ് ചെയ്യു എല്ലാവർക്കും മെഡലും ഭക്ഷണവും ലഭിക്കുതാണ്.

ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് എസ് ശശിധരൻ, കയർബോർഡ് ചെയർമാൻ ഡി കുപ്പുരാമു,  കൊച്ചി കോർപ്പറേഷൻ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്മാരായ ഷീബാലാൽ, സനിൽമോൻ ജെ, സോൾസ് ഓഫ് കൊച്ചിൻ റണ്ണേഴ്സ് ക്ലബ് അംഗങ്ങൾ എിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ജനസുരക്ഷാ പദ്ധതികളെ കുറിച്ചുള്ള അവബോധം വർധിപ്പിക്കാൻ എസ്ബിഐ

**കൊച്ചി:** ജനസുരക്ഷാ പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ കൂടുതൽ വിപുലമാക്കാൻ ലക്ഷ്യമിട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ലീഡ് ബാങ്ക് മാനേജർമാരുടെ ശിൽപശാല സംഘടിപ്പിച്ചു. പ്രധാൻമന്ത്രി സുരക്ഷാ ബീമ യോജന, പ്രധാൻമന്ത്രി ജീവൻ ജ്യോതി ബീമ യോജന എി പദ്ധതികൾ അർഹരായ പരമാവധി ജനങ്ങളിൽ എത്തിക്കാനായാണ് 11 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും നിുള്ള ലീഡ് ജില്ലാ മാനേജർമാരുടെ ശിൽപശാല സംഘടിപ്പിച്ചത്. ഫിനാൻഷ്യൽ സർവീസസ് വകുപ്പ് ജോയിന്റ് സെക്രട്ടറി പ്രശാന്ത് കുമാർ ഗോയൽ, എസ്ബിഐ മാനേജിങ് ഡയറക്ടർ (ആർബി ആന്റ് ഒ) അലോക് കുമാർ ചൗധരി, ഫിനാൻഷ്യൽ ഇൻക്ലൂഷൻ ചീഫ് ജനറൽ മാനേജർ ഡോ. പി സി സാബൂ തുടങ്ങിയവർ സംബന്ധിച്ചു.

## എലമെന്റൽ തീസസ് ഏകാംഗ ചിത്രപ്രദർശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കു സുരേഷ് കെ.നായരുടെ എലമെന്റൽ തീസസ് ഏകാംഗ പ്രദർശനം 2023 ഒക്ടോബർ 27ന് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിലെ അക്കാദമി ആർട്ട് ഗ്യാലറിയിൽ ആരംഭിക്കു. കേരള ലളിതകലാ അക്കാദമിയുടെ 202223ലെ സമകാലിക ഏകാംഗ കലാപ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനത്തിന്റെ ഉദ്ഘാടനം 2023 ഒക്ടോബർ 27 വൈകുരേം 4.00ന് പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ നിർവ്വഹിക്കും. മേഘ ശ്രേയസാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുത്.എലമെന്റൽ തീസസ് അംശാത്മകവും ചലനാത്മകവും അനുഭവപരവുമായതിനെ കലയിലേക്ക് സ്വാംശീകരിക്കു, അത് സത്തയിൽ ശാരീരികവും എാൽ ഉൾക്കാഴ്ചയിൽ ദാർശനികവുമാണ്. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി മ്യൂറൽ വിഭാഗം അധ്യാപകനായ സുരേഷ് കെ. നായർ  പ്രശസ്തമായ ഫുൾ ബ്രയിറ്റ് സ്കോളർഷിപ്പിന് അർഹനാണ്. കൊറോണ കാലത്തെ തന്റെ ആശങ്കകളും ചലനത്തെ വരയ്ക്കാനുള്ള തന്റെ ശ്രമങ്ങളും സുരേഷിന്റെ ഈ

എക്സിബിഷന്റെ ഉദ്ദേശ്യങ്ങളിൽ പെടു.പ്രദർശനം 2023 നവംബർ 5ന് സമാപിക്കും. പ്രദർശനസമയം രാവിലെ 10 മണി മുതൽ വൈകുരേം 6.30 വരെയാണ്.

# ഐഡിബിഐ ബാങ്കിന്റെ അറ്റാദായം 60% വർദ്ധിച്ചു

**കൊച്ചി:** ഐഡിബിഐ ബാങ്ക് 2024 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിലെ ത്രൈമാസ ഫലങ്ങൾ പ്രഖ്യാപിച്ചു. 2024 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിലെ അറ്റാദായം 1,323 കോടി രൂപയാണെ് കമ്പനി അധികൃതർ അറിയിച്ചു. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 60% ശക്തമായ വളർച്ച രേഖപ്പെടുത്തി. പ്രവർത്തന ലാഭം 2,070 കോടി രൂപയാണ്. എൻഐഎം 4.33% രേഖപ്പെടുത്തി. അറ്റ് പലിശ വരുമാനം കഴിഞ്ഞ വർഷത്തേക്കാൾ 12% വളർച്ചയോടെ 3,067 കോടി രൂപയായി. നിക്ഷേപച്ചെലവ് 2023 രണ്ടാം പാദത്തിലെ 3.43% നോട് താരതമ്യപ്പെടുത്തുമ്പോൾ 2024 രണ്ടാം പാദത്തിൽ 80 ബിപി എസ് വർദ്ധിച്ച് 4.23%ൽ എത്തിനിൽക്കു. കഴിഞ്ഞ വർഷത്തേക്കാൾ 138 ബിപിഎസ് വളർച്ചയോടെ സിആർ എആർ 21.26% ആയി. അറ്റ് എൻപിഎ 77 ബിപിഎസ് വള ഇ് 0.39% എതിൽ എത്തിനിൽക്കു. മൊത്തം എൻപിഎ 1161 ബിപിഎസ് വളർ 4.90% ൽ ആയി. പിസിആർ 126 ബിപിഎസ് വർധിച്ച് 99.10% എതിലെത്തിയതായും അധികൃതർ അറിയിച്ചു.

# നോക്കിയ 105 ക്ലാസിക് അവതരിപ്പിച്ചു

**കൊച്ചി:** നോക്കിയ ഫോണുകളുടെ നിർമാതാക്കളായ എച്ച്എംഡി ഗ്ലോബൽ, പുതിയ നോക്കിയ 105 ക്ലാസിക് അവതരിപ്പിച്ചു.. സമാർട്ട് ഫോ ഇല്ലാതെ തെ യുപിഐ പേയ്മെന്റുകൾ നടത്താമെതാണ് 999 രൂപ പ്രാരംഭ വിലയുമായി എത്തു ഈ ക്ലാസിക് മോഡലിന്റെ ഏറ്റവും വലിയ സവിശേഷതയെ് കമ്പനി അധികൃതർ അറിയിച്ചു. ഇൻബിൽറ്റ് യുപിഐ ആപ്ലിക്കേഷനുമായാണ് ഫോ വരുത്.ഒരു വർഷത്തെ റീപ്ലേസ്മെന്റ് ഗ്യാരണ്ടി, വയർലെസ് റേഡിയോ, 800 എംഎഎച്ച് ബാറ്ററി, കീമാറ്റിലെ ഓരോ ബട്ടണുകൾക്കിടയിലും വിശാലമായ സ്പെയ്സിങ് തുടങ്ങിയവയാണ് മറ്റു സവിശേഷതകൾ. സിംഗിൾ അല്ലെങ്കിൽ ഡ്യുവൽ സിം, ചാർജറോടുകൂടിയും അല്ലാതെയും നാലുവേരിയന്റുകളിലായി ചാർക്കോൾ, നിറങ്ങളിൽ നോക്കിയ 105 ലഭ്യമാകും.

# വാർഡ്‌വിസാർഡ് ഗുജറാത്ത് സർക്കാരുമായി ധാരണപത്രം ഒപ്പിട്ടു

**കൊച്ചി:** ജോയ് ഇബൈക്ക് ബ്രാൻഡിന് കീഴിലുള്ള രാജ്യത്തെ ഇലക്ട്രിക് വാഹനങ്ങളുടെ മുൻനിര നിർമാതാക്കളായ വാർഡ് വിസാർഡ് ഇാവെേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ്, 2024 വർഷത്തോടെ ഇലക്ട്രിക് വാഹന അനുബന്ധ ക്ലസ്റ്റർ (ഇ.വി ആൻസലെറി ക്ലസ്റ്റർ) വികസിപ്പിക്കുതിനായി ഗുജറാത്ത് സർക്കാരുമായി 2,000 കോടി രൂപയുടെ ധാരണാപത്രം (എംഒയു) ഒപ്പുവച്ചു. ഇലക്ട്രിക് വാഹന വ്യവസായത്തിന്റെ വളർച്ച പ്രോത്സാഹിപ്പിക്കുകയും, സംസ്ഥാനത്തിനുള്ളിൽ ഹരിത മൊബിലിറ്റി വർധിപ്പിക്കുകയുമെ സർക്കാരിന്റെ കാഴ്ച്ചപ്പാടിന് അനുസൃതമായാണ് ഈ കരാർ.

# സ്പെഷ്യൽ സ്കൂൾ കലോത്സവം: ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവം നവംബർ 9, 10, 11 തീയതികളിലായി കളമശേരിയിൽ നടക്കുന്നു. മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഭക്ഷണം, സ്റ്റേജ്&പന്തൽ, ലൈറ്റ്&സൗണ്ട് എന്നീ കമ്മിറ്റികളുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ജിഎസ്ടി രജിസ്ട്രേഷനുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ഒക്ടോബർ 30 ഉച്ചയ്ക്ക് രണ്ടുവരെ ക്വട്ടേഷൻ സ്വീകരിക്കും. അന്നേ ദിവസം വൈകിട്ട് 3 ന് ക്വട്ടേഷൻ തുറക്കും . ക്വട്ടേഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ കാക്കനാട് സിവിൽ സ്റ്റേഷനിലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കും.

# മിനിമം വേതന ഉപദേശക സമിതി തെളിവെടുപ്പ് വെള്ളിയാഴ്ച്ച

**കൊച്ചി:** സംസ്ഥാനത്തെ പേപ്പർ പ്രൊഡക്ഷൻ ഇൻഡസ്ട്രിസ് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള മിനിമം വേതന ഉപദേശക ഉപസമിതിയുടെ തെളിവെടുപ്പ് വെള്ളി (ഒക്ടോബർ 27) രാവിലെ 11ന് എറണാകുളം ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും.

ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലെ പ്രതിനിധികൾ ആണ് പങ്കെടുക്കേണ്ടത്. തെളിവെടുപ്പ് യോഗത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളി / തൊഴിലുടമ പ്രതിനിധികൾ പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ പി.ജി.വിനോദ് കുമാർ അറിയിച്ചു. ഫോൺ :8547655267




# എഐ സംവിധാനമുള്ള ആംബുലസുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ലോക മസ്തിഷ്കാഘാത ദിനത്തോടനുബന്ധിച്ച് പ്രത്യേക ടെലി സ്ട്രോക്ക് ആംബുലൻസ് നിരത്തുകളിലിറക്കാനൊരുങ്ങി ആസ്റ്റർ മെഡ്സിറ്റി.

ഈ മാസം 29 മുതൽ ഔദ്യോഗികമായി ആംബുലൻസ് സേവനമാരംഭിക്കുമെ് ആസ്റ്റർ ഇന്ത്യൻ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ,ആസ്റ്റർ മെഡ്സിറ്റി ന്യൂറോളജി സീനിയർ കസൾട്ടന്റ് ഡോ. മാത്യു എബ്രഹാമെ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.നിർമിത ബുദ്ധിയുടെ (എഐ) സഹായത്തോടെ പ്രവർത്തിക്കു ആംബുലൻസിൽ അത്യാധുനിക സംവിധാനങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്.അപ്പോത്തിക്കരി മെഡിക്കൽ സർവീസസ് എ മെഡിക്കൽ സ്റ്റാർട്ട്അപ്പ്സ്ഥാപനത്തിന്റെ സഹായത്തോടെയാണ് 5ജി ഉപഗ്രഹസാങ്കേതിക വിദ്യയുടെ പിൻബലത്തിൽ പ്രവർത്തിക്കു അത്യാധുനിക ആംബുലൻസ് സംവിധാനം ഒരുക്കിയിരിക്കുത്.ആർആർആർ എ ചുരുക്കപ്പേരിൽ അറിയപ്പെടു ഈ ആംബുലൻസ് സംവിധാനത്തിൽ 5ജി സാറ്റലൈറ്റ് സാങ്കേതികവിദ്യയും ആർട്ടിഫിഷ്യൽ റിയാലിറ്റിയും ഉൾപ്പെടെ അടിയന്തിര ഘട്ടങ്ങളിൽ രോഗികൾക്ക് വലിയ സഹായമാകു നിരവധി സംവിധാനങ്ങളുണ്ട്.

അപ്പോത്തിക്കരി മെഡിക്കൽ സർവീസസിന്റെ അപോക് എ ടെലിമെഡിസിൻ സംവിധാനത്തിലൂടെയാണ് ഇത് പ്രവർത്തിക്കുതെും ഇവർ പറഞ്ഞു.മസ്തിഷ്കാഘാതമുണ്ടായ രോഗികൾക്ക് ആശുപത്രിയിൽ എത്തുത് വരെയുള്ള ന്യൂറോളജി സപ്പോർട്ട് ആംബുലൻസിൽ തെ നൽകാനാകും. ഹൃദയാഘാതം, അമിത രക്തസ്രാവത്തോടെയുള്ള പ്രസവം,ആന്തരിക രക്തസ്രാവം,അടിയന്തര സ്വഭാവമുള്ള മറ്റ് ആരോഗ്യപ്രശ്നങ്ങൾ എിവയ്ക്കും ആവശ്യമായ പ്രഥമശുശ്രൂഷാസൗകര്യം ആർആർആർ ആംബുലൻസിൽ ഒരുക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ ഏറ്റവും അടുത്തുള്ള ആശുപത്രിയിലെ വിദഗ്ധ ഡോക്ടറുമായി ബന്ധപ്പെട്ട് ആംബുലൻസിൽ വെച്ച് തെ വേണ്ട ചികിത്സയും നൽകാം. സമയത്തിന് ഏറെ വിലയുള്ള സ്ട്രോക്ക് പോലെയുള്ള അടിയന്തിരഘട്ടങ്ങളെ മുൽക്കണ്ടാണ് ആസ്റ്റർ മെഡ്സിറ്റി ഈ ആംബുലൻസ് തയാറാക്കിയിട്ടുള്ളതെും ഇവർ പറഞ്ഞു.കൊച്ചിയുടെ അനുബന്ധ പ്രദേശങ്ങളിലുള്ള മറ്റ് ആശുപത്രികളിൽ ഉടനടി സ്ട്രോക്ക് ചികിത്സ ലഭ്യമാക്കുതിനുള്ള പ്രത്യേക നെറ്റ്വർക്ക് ആസ്റ്റർ മെഡ്സിറ്റി ഒരുക്കിയിട്ടുണ്ട്. ഈ ചികിത്സാകേന്ദ്രങ്ങളിൽ സ്ട്രോക്ക് ചികിത്സയ്ക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ആസ്റ്റർ മെഡ്സിറ്റി നൽകും. ഒപ്പം ഈ ആശുപത്രികളിലെ ജീവനക്കാർക്കും പൊതുജനങ്ങൾക്കും വേണ്ടി പ്രത്യേക ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കും.

ഈ ശൃംഖലയുടെ ഭാഗമായ ഏത് ആശുപത്രിയിലെ ഡോക്ടർമാർക്കും ആംബുലൻസിലെ രോഗിയുടെ ജീവൻ രക്ഷിക്കാൻ ആവശ്യമായ നിർണായക നിർദേശങ്ങൾ തത്സമയം കൈമാറാൻ കഴിയും. ആശുപത്രിയിൽ എത്തുതിന് മുൻപ് തെ രോഗിക്ക് ആവശ്യമായ ചികിത്സകൾ തുടങ്ങിക്കഴിയും.പിീട് അവിടെ നി് കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റിയിലേക്ക് രോഗിയെ മാറ്റുത് പ്രത്യേക മെഡിക്കൽ ഡിസ്പാച്ച് സിസ്റ്റത്തിന്റെയും ഒരു ജൂനിയർ ഡോക്ടറുടെയും മേൽനോട്ടത്തിലായിരിക്കും.ആംബുലൻസിനുള്ളിലെ എല്ലാ ജീവൻരക്ഷാ ഉപകരണങ്ങളും വൈഫൈ മുഖേന പരസ്പരം ബന്ധപ്പെടുത്തിയിട്ടുള്ളതാണ്. രോഗിയുടെ ആരോഗ്യനിലയെ കുറിച്ചുള്ള എല്ലാ വിവരങ്ങളും ഇവ ആശുപത്രിയിലെ കട്രോൾ റൂമിൽ തത്സമയം അറിയിച്ചുകൊണ്ടിരിക്കും. ആശുപത്രിയിൽ എത്തുത് വരെ വിദഗ്ധ ഡോക്ടർമാർ അത് നിരീക്ഷിക്കുകയും ആംബുലൻസിനുള്ളിലെ ഡോക്ടർക്ക് ആവശ്യമെങ്കിൽ നിർദേശങ്ങൾ നൽകുകയും ചെയ്യും. സ്മാർട്ട് കണ്ണടകൾ ഉപയോഗിച്ച് ആംബുലൻസ് ജീവനക്കാർക്ക് ഡോക്ടർമാരുമായി വിഡിയോകോൾ മുഖേന ബന്ധപ്പെടാനും കഴിയും.ആസ്റ്റർ മെഡ്സിറ്റി സീനിയർ കസൾട്ടന്റ് ഇന്റർവെൻഷണൽ റേഡിയോളജി & ന്യൂറോ റേഡിയോളജി, ഡോ. വിജയ് ജയകൃഷ്ണൻ, ആസ്റ്റർ മെഡ്സിറ്റി കസൾട്ടന്റ് എമർജൻസി ഫിസിഷ്യൻ ഡോ. ജോസ കെ വർഗീസ്,അപ്പോത്തിക്കരി പ്രതിനിധി ഹൈദർ ഷെഹൻഷ എിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# 4000 വാട്ടർ കണക്ഷനുകൾ: പദ്ധതി ഉദ്ഘാടനം ചെയ്തു

**കൊടുങ്ങല്ലൂർ:** നഗരസഭ അമൃത് 2.0 പദ്ധതിയുടെ ഭാഗമായി 4000 കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ കൊടുക്കുന്ന പദ്ധതിയുടെ മുനിസിപ്പൽ തല ഉദ്ഘാടനം വി.ആർ. സുനിൽകുമാർ എംഎല് എ നിർവഹിച്ചു. വാർഡ് ഏഴിലെ വയലാർ പ്രദേശത്ത് നടന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും നഗരസഭയുടേയും സംയുക്ത പദ്ധതിയുടെ പ്രസ്തുത യോഗത്തിൽ നഗരസഭാ ചെയർപേഴ്സൺ ടി.കെ. ഗീത അധ്യക്ഷത വഹിച്ചു.

യോഗത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ കെ.എസ്. കൈസാബ്, നഗരസഭ വൈസ് ചെയർമാൻ അഡ്വ. വി.എസ്. ദിനൽ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലത ഉണ്ണികൃഷ്ണൻ, കൗൺസിലർമാരായ പി.എൻ. വിനയചന്ദ്രൻ, ചന്ദ്രൻ കളരിക്കൽ, രവീന്ദ്രൻ നടുമുറി, അമൃത് എന്ജിനീയർ നന്ദകുമാർ വാട്ടർ അഥോറിറ്റി അസിസ്റ്റൻറ് എക്സി.എൻജിനീയർ ബാ



ബു, ഓവർസിയർ സുരാ ജ് എന്നിവർ സംസാരിച്ചു.

# ഇന്ത്യൻ ഓയിലിന്റെ പാനിപ്പത്ത് റിഫൈനറിയിലേക്ക് വ്യാവസായിക വാതകങ്ങൾ വിതരണം ചെയ്യാൻ ലിൻഡെ

**പാനിപ്പത്ത്:** ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പാനിപ്പത്ത് റിഫൈനറിയിലേക്ക് വ്യാവസായിക വാതകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ദീർഘകാല കരാറുകളിൽ ഇന്ത്യയിലെ തങ്ങളുടെ സ്ഥാപനങ്ങൾ ഒപ്പുവെച്ചതായി പ്രമുഖ ആഗോള വ്യാവസായിക വാതക, എഞ്ചിനീയറിംഗ് കമ്പനിയായ ലിൻഡെ പ്രഖ്യാപിച്ചു.

ഇന്ത്യൻ ഓയിലിന് ഹൈഡ്രജൻ, നൈട്രജൻ, കംപ്രസ്ഡ് ഡ്രൈ എയർ എന്നിവ വിതരണം ചെയ്യുന്നതിനുള്ള പ്രധാന പുതിയ ഓൺസൈറ്റ് സൗകര്യങ്ങൾ ലിൻഡെയുടെ സ്ഥാപനങ്ങൾ നിർമ്മിക്കുകയും സ്വന്തമാക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യും. പാനിപ്പത്ത് റിഫൈനറിയുടെ മൾട്ടി ബില്യൺ ഡോളർ വിപുലീകരണത്തെ പുതിയ ഓൺസൈറ്റ് സമുച്ചയം പിന്തുണയ്ക്കും.

ശുദ്ധമായ ഇന്ധനങ്ങൾ നിർമ്മിക്കുന്നതിന് സൾഫർ നീക്കം ചെയ്യുക, അസംസ്കൃത എണ്ണയെ വിവിധ ഉൽപന്നങ്ങളാക്കി മാറ്റുക, അല്ലെങ്കിൽ പ്രോസസിങ് ഉപകരണങ്ങളും നിയന്ത്രണ ഉപകരണങ്ങളും ശുദ്ധീകരിക്കുകയും വൃത്തിയാക്കുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിൽ വ്യാവസായിക വാതകങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു.

ഇന്ത്യൻ ഓയിലിന് വേണ്ടി ലിൻഡെ സ്ഥാപനങ്ങൾ നിർമ്മിക്കുകയും ഉടമസ്ഥതപ്പെടുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്ന രണ്ടാമത്തെ വലിയ ഹൈഡ്രജൻ പ്ലാന്റാണ് പാനിപ്പത്ത്.വ്യാവസായിക വാതകെ ഉൽപ്പാദന ശേഷി മണിക്കൂറിൽ 142,200 ക്യുബിക് മീറ്റർ (ചാ3) ഉള്ള ഇന്ത്യയിലെ ഏറ്റവും വലിയ ഓൺസൈറ്റ് പ്ലാന്റുകളിൽ ഒന്നായിരിക്കും ഇത്. 2025ൽ പ്ലാന്റ് ആരംഭിക്കുമെന്നു പ്രതീക്ഷികാപ്പെടുന്നു.

ഇന്ത്യൻ ഓയിൽ വിതരണം ചെയ്യുന്നതിനു പുറമേ പുതിയ ഓൺസൈറ്റ് സമുച്ചയം രാസവസ്തുക്കളും ഊർജവും ഉൽപ്പാദനവും ഉൾപ്പെടെ അന്തിമ വിപണികളിലുടനീളം കമ്പനികളിൽ നിന്നുള്ള നൈട്രജന്റെ ആവശ്യം നിറവേറ്റും.

# സ്ത്രീകൾക്ക് നിയമപരമായ പരിജ്ഞാനം അനിവാര്യം: വനിതാ കമ്മിഷൻ

**തൃശ്ശൂർ:** സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ തരണം ചെയ്യാൻ നിയമപരമായ പരിജ്ഞാനമുള്ളവരായി സ്ത്രീകൾ ഉയരണമെന്ന് വനിതാ കമ്മിഷൻ അംഗം അഡ്വ. ഇന്ദിര രവീന്ദ്രൻ. കേരള വനിതാ കമ്മീഷൻ ഗുരുവായൂർ നഗരസഭയുമായി ചേർന്ന് അതിക്രമങ്ങളും സ്ത്രീ സുരക്ഷയും, സൈബർ ഇടവും കുടുംബവും എന്നീ വിഷയങ്ങളിൽ നടത്തിയ ജില്ലാ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു വനിത കമ്മിഷനംഗം.

അതിലേക്കായി നിയമ ബോധവൽക്കരണ ക്ലാസ്സുകളും ജാഗ്രതാ സമിതി പരിശീലനവും വനിതാ കമ്മിഷൻ എല്ലാ ജില്ലകളിലും നടത്തി വരികയാണ്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക്നേരെയുള്ള ചൂഷണത്തിനെതിരെ പ്രവർത്തിക്കാനും ലിംഗനീതി, ലിംഗസമത്വം തുടങ്ങിയവയെക്കുറിച്ചും ഭരണഘടനാപരമായ നിയമങ്ങളും സ്ത്രീകൾ അറിഞ്ഞിരിക്കണമെന്നും അതിക്രമങ്ങൾക്കെതിരെ ചെറുത്ത് നിൽക്കാൻ സ്ത്രീകൾക്ക് കഴിയണമെന്നും വനിതാ കമ്മിഷൻ അംഗം പറഞ്ഞു.

ഗുരുവായൂർ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിൽ നടന്ന ജില്ലാ സെമിനാറിൽ ഗുരുവായൂർ നഗരസഭ വൈസ് ചെയർപേഴ്സൺ അനീഷ്മ ഷനോജ് അധ്യക്ഷയായി. ചാവക്കാട് നഗരസഭ ചെയർപേഴ്സൺ ഷീജ പ്രശാന്ത് മുഖ്യാതിഥിയായി.

അതിക്രമങ്ങളും സ്ത്രീ സുരക്ഷയും എന്ന വിഷയം കില അസിസ്റ്റൻഡ് ഡയറക്ടർ ഡോ. കെ.പി.എൻ. അമൃതയും, സൈബർ ഇടവും കുടുംബവും എന്ന വിഷയം സാമൂഹിക നീതി വകുപ്പ് കൗൺസിലർ മാല രമണനും അവതരിപ്പിച്ചു.

നഗരസഭാ സ്ഥിരം സമിതി അധ്യക്ഷരായ ഷൈലജ സുധൻ, ബിന്ദു അജിത് കുമാർ, വാർഡ് കൗൺസിലർ ശോഭ ഹരിനാരായണൻ, സിഡിഎസ് ചെയർപേഴ്സൺ അമ്പിളി ഉണ്ണികൃഷ്ണൻ, കൗൺസിലർമാർ, ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, ഹരിത കർമ്മ സേനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# കുസാറ്റ് 5 ജി ലാബിന്റെ പ്രഖ്യാപനം ഇന്ന്; പ്രധാനമന്ത്രി നരേന്ദ്രമോദി ഡൽഹിയിൽ നിർവഹിക്കും



**കളമശേരി :** രാജ്യത്തിന്റെ ഡിജിറ്റൽ ആവശ്യങ്ങൾ നിറവേറ്റാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കുസാറ്റിൽ ഡിപ്പാർട്മെന്റ് ഓഫ് ടെലികമ്യൂണിക്കേഷൻസിന്റെ സഹായത്തോടെ ആരംഭിക്കുന്ന 5 ജി ലാബിന്റെ പ്രഖ്യാപനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നു ഡൽഹിയിൽ നിർവഹിക്കും. ഇന്ത്യൻ മൊബൈൽ കോൺഗ്രസിന്റെ ഉദ്ഘാടനവേദിയിലാണ് പ്രധാനമന്ത്രി പ്രഖ്യാപനം നടത്തുക. സംസ്ഥാനത്തു കുസാറ്റിനു പുറമേ ഐഐഎസ്ടി, ഐഐടി, എൻഐടി എന്നിവയ്ക്കു മാത്രമാണ് 5ജി ലാബ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ, വിദൂരപ്രദേശങ്ങളിലുള്ളവരെ 5ജി ഉപയോഗത്തിനു പ്രാപ്തരാക്കുന്നതിനും അക്കാദമിക വ്യവസായ ഇടപഴകലിനെ പ്രോത്സാഹിപ്പിക്കുന്നതിനും 5 ജി ലാബ് ലക്ഷ്യമിടുന്നുണ്ടെന്ന് നോഡൽ ഓഫിസർ ഡോ.എം.എച്ച്. സുപ്രിയ പറഞ്ഞു. ലാബ് സജ്ജീകരണത്തിന്റെ 80 ശതമാനം ചെലവും ഡിപ്പാർട്മെന്റ് ഓഫ് ടെലികമ്യൂണിക്കേഷൻസ് വകുപ്പാണ്. 4 വർഷത്തേക്ക് ഈ സഹായം തുടരും. കൊച്ചി സർവകലാശാലയിൽ ഇലക്ട്രോണിക്സ് വകുപ്പിലാണു 5ജി ലാബിന്റെ പ്രവർത്തനം. പ്രോജക്ട് തുടങ്ങുന്നതിനാവശ്യമായ സ്ഥലം, പവർ സപ്ലൈ, ഇന്റർനെറ്റ് ആൻഡ് ഇൻട്രാനെറ്റ് കണക്ടിവിറ്റി, മറ്റ് ഉപകരണങ്ങൾ, പ്രാദേശിക അറ്റകുറ്റപ്പണികൾക്കുള്ള ടെക്മാൻ എന്നിവ കുസാറ്റ് നൽകണം.

പ്രോജക്ട് പൂർത്തിയാകുമ്പോഴും അതിനു ശേഷവും ലാബ് ഉപകരണങ്ങളുടെ അവകാശം കുസാറ്റിനു സ്വന്തമാകും. കുസാറ്റിനു ചുറ്റുമുള്ള സ്റ്റാർട്ടപ്പുകൾക്കും എംഎസ്എംഇകൾക്കും 5 ജി ടെസ്റ്റ് സൗകര്യങ്ങൾ ഇവിടെ ലഭിക്കും. പ്രതിവർഷം ചുരുങ്ങിയത് 50 വിദ്യാർഥികളും 10 അധ്യാപകരും ടെസ്റ്റിങ്ങിനും പ്രോഡക്ട് വികസിപ്പിക്കുന്നതിനും ഉപയോഗപ്പെടുത്തണം. പ്രതിവർഷം 5 സ്റ്റാർട്ടപ്പുകളും എംഎസ്എംഇകളും ലാബ് ഉപയോഗപ്പെടുത്തിയിരിക്കണം.. വികസിപ്പിച്ചെടുത്ത ഉൽപന്നങ്ങൾ വാണിജ്യവൽക്കരിക്കാനും വിന്യസിക്കാനുമുള്ള ശ്രമങ്ങളും ലാബിന്റെ നേതൃത്വത്തിൽ നടത്തണം. രാജ്യത്ത് 100 സ്ഥാപനങ്ങളിലാണു 5ജി ലാബ് തുടങ്ങുന്നത്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | CERTIFIED ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663